# എട്ടുകാലിയും കൂട്ടരും



/590
.OU

ഫാ. പോൾലൂയി

# എട്ടുകാലിയും കൂട്ടരും

(സാമാന്യശാസ്ത്രം)

പോൾ ലൂയി

DHARMARAM COLLEGE LIBRARY BANGALORE-29

ST. ANTONY'S MONASTERY ALWAYE-KERALA 15063

വിതരണം

ജനത ബുക്ക് സ്റ്റാൾ

തേവര, കൊച്ചിൻ-13

വില 1.50

MALAYALAM

ETTUKALIYUM KOOTTARUM

(Popular Science)

AUTHOR

FR. PAUL LOUI M. A., M. Sc.

RIGHTS RESERVED.

First Published December 1972

Copies 1000

Printed at :

Genuine Press, Cochin 682016

COVER: M. Induchoodan, M. Sc.

Published by:

Kerala Sastrasahitya Parishat, Ernakulam.

Distributors:

Janatha Book Stall,

Thevara 682013, Kerala, India

M/590
LOU

ഗ്രന്ഥകാരന്റെ ഇതരകൃതികൾ

---

പുതിയ ജനത

ജീവിതത്തിന്റെ വഴിത്താരയിൽ

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ഒരു സജീവ പ്രവർത്തകനായിരുന്ന പരേതനായ **റവ. ഫാ. ജോൺ ലൂയി.** അദ്ദേഹത്തിന്റെ ജീവശാസ്ത്രപരമായ ചില ലേഖനങ്ങൾ സമാഹരിച്ച് അദ്ദേഹത്തിന്റെ ഒന്നാം ചരമദിനമായ ഇന്ന് സഹൃദയസമക്ഷം സമർപ്പിക്കുന്നതിന് ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഈ സംരംഭത്തിൽ നിർലോഭമായി ഞങ്ങളെ സഹായിച്ച തേവര സേക്രഡ് ഹാർട്ട് മൊണാസ്റ്ററിയോടു ഞങ്ങൾക്ക് കടപ്പാടുണ്ട്. ഇതിനു പുറംചട്ട ഡിസൈൻ ചെയ്ത ശ്രീ. എം. ഇന്ദുചൂഡരക്കപ്പിനോടും ലേഖനങ്ങൾക്ക് ചിത്രങ്ങൾ ചെയ്തുതന്ന എസ്. എച്ച്. കോളേജിലെ ഫൈനൽ എം. എസ് സി. സുവോളജി വിദ്യാർത്ഥികളോടും നന്ദിപ്രകാശിപ്പിച്ചു കൊള്ളട്ടെ.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
എറണാകുളം ജില്ലാശാഖ

എറണാകുളം,
22-12-1972.

# ഉള്ളടക്കം


1. പാമ്പുകൾ മിത്രങ്ങളോ ശത്രുക്കളോ? 5

2. എട്ടുകാലികളുടെ ലോകം— I 18

3. എട്ടുകാലികളുടെ ലോകം— II 23

4. കാട്ടാനകളുടെ ലോകം — .... 29

5. കടൽ ജീവികളും ചില കെട്ടുകഥകളും .... 39

6. അലയാഴിയിലെ വിചിത്ര ജീവികളും
ചില അത്ഭുത പ്രതിഭാസങ്ങളും— .... 47

7. സമുദ്രാഗാധതയിലെ അത്ഭുതമത്സ്യങ്ങൾ .... 54

# അനുസ്മരണം

1971 ഡിസംബർ 22-ാംനു-യാണ് ബഹു. **പോൾ ലൂയി** അച്ചൻ നമ്മെ വിട്ടുപിരിഞ്ഞതു്. ഹൃദയവേദനയോടുകൂടിയേ ആ സംഭവം ഓർക്കാൻ കഴിയൂ. സ്നേഹമയമായ ഒരു ശാന്തത അദ്ദേഹത്തിൻെറ മുഖത്തു് എപ്പോഴും കളിയാടിയിരുന്നു. ഇന്നും ആ മുഖം മായാതെ മനസ്സിൽ തങ്ങിനില്ക്കുന്നു. ഒന്നിനു പുറകേ ഒന്നായി നിരവധി ശസ്ത്രക്രിയകൾക്കു് വിധേയനായ അദ്ദേഹം ഒടുവിൽ തൻെറ ജീവാപഹാരിയായ രോഗം ബാധിച്ചു് അവശനായിരിക്കുമ്പോൾപ്പോലും തീരെ പതറാതെ ദൃഢചിത്തതയോടെ മരണത്തെ നേരിട്ട ഒരു മഹാനാണ്. ശാസ്ത്രത്തിനും അദ്ധ്യാപനത്തിനും വേണ്ടി തൻെറ ജീവൻ ബലിയർപ്പിച്ച ഒരു രക്തസാക്ഷിയായിവേണം അദ്ദേഹത്തെ കണക്കാക്കുവാൻ.

മഹാത്മാക്കൾ പലരും ജീവിതത്തിൻെറ പൂർവ്വാർദ്ധത്തിൽ തന്നെ ലോകത്തിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചു പിരിഞ്ഞവരാണ്. ശങ്കരാചാര്യർ, വിവേകാനന്ദൻ മുതലായവരെല്ലാം ഇക്കൂട്ടത്തിൽപ്പെട്ടവരാണ്. ആത്മധൈര്യവും, കർമ്മധീരതയും, അർപ്പണമനോഭാവവുമാണ് അവരെ മഹാന്മാരാക്കുന്നതു്. ബഹു. **പോൾ ലൂയി** അച്ചനും തീർച്ചയായും അത്തരത്തിൽപ്പെട്ട ഒരു കർമ്മയോഗിയായിരുന്നു. തൻെറ ശരീരത്തെ കാർന്നുതിന്നുന്ന രോഗത്തോടു മല്ലിട്ടുകൊണ്ടുതന്നെ അദ്ദേഹം തൻെറ അദ്ധ്യാപനവും ശാസ്ത്രലേഖന രചനയും നടത്തിക്കൊണ്ടുവന്നു.

ആംഗലഭാഷാനഭിജ്ഞന്മാരായവർക്കുപോലും മനസ്സിലാക്കുവാൻവേണ്ടി ഗഹനങ്ങളായ ശാസ്ത്രവിഷയങ്ങളെ ലളിതമായ മലയാളഭാഷയിൽ പ്രതിപാദിക്കുവാൻ ശ്രമിക്കുന്ന ഇന്നത്തെ യുവശാസ്ത്രകാരന്മാർക്കു് ഒരു മാർഗ്ഗദർശിതന്നെയാണ്. ബഹു. **പോൾ ലൂയി** അച്ചൻ. കേരള ശാസ്ത്രസാഹിത്യ പരിഷത്തിൻെറ ഒരു സജീവാംഗമായിരുന്നു അദ്ദേഹം. പരിഷത്തിൽ പ്ര

ബന്ധങ്ങൾ വായിക്കുകയും, ശാസ്ത്രലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നതു്, താനൊരു മാറാരോഗിയാണെന്നു് അറിഞ്ഞുകൊണ്ടിരുന്ന കാലത്തായിരുന്നുവെന്നാലോചിക്കുമ്പോൾ അദ്ദേഹത്തിനു ശാസ്ത്രത്തോടുള്ള പ്രേമവും ശാസ്ത്രസാഹിത്യ പരിഷത്തിനു് അദ്ദേഹത്തോടുള്ള കടപ്പാടും എത്രത്തോളമാണെന്നു് വ്യക്തമാവും.

ബഹു. പോൾ ലൂയി അച്ചൻ ഞങ്ങളെ ഏല്പിച്ചിട്ടുള്ള കുറെ ശാസ്ത്രലേഖനങ്ങളുടെ സമാഹാരമാണു് ഈ പ്രസിദ്ധീകരണം. ഇതു് പ്രസിദ്ധീകരിക്കുന്നതിൽ ഞങ്ങൾക്കു് വളരെ ചാരിതാർത്ഥ്യവും സന്തോഷവുമുണ്ടു്. ഇതിന്റെ ഔപചാരികമായ പ്രകാശനം നടത്തുന്നതു് ബഹു. ഡോക്ടർ തിയോബാൾഡ് അച്ചനാണെന്നതും വളരെ സന്തോഷജനകമാണു്. ബഹു. പോൾ ലൂയി അച്ചന്റെ വ്യക്തിത്വം ശരിക്കും മനസ്സിലാക്കിയിട്ടുള്ള ഒരാളാണു് റെവ. ഡോക്ടർ തിയോബാൾഡ് അച്ചൻ. ഇതിന്റെ പ്രകാശനത്തിനു് അദ്ദേഹത്തിനേക്കാൾ യോഗ്യനായ മറ്റൊരു വ്യക്തി ഇല്ലതന്നെ.

ഈ പുസ്തകം പ്രസിദ്ധീകരിക്കുന്ന കേരള ശാസ്ത്രസാഹിത്യ പരിഷത്തു് സ്തുത്യർഹമായ ഒരു കൃത്യമാണു് നിർവ്വഹിക്കുന്നതു്.

ബഹു. പോൾ ലൂയി അച്ചന്റെ സ്മരണ ശാശ്വതമായിത്തീരട്ടെ എന്നു് പ്രാർത്ഥിച്ചുകൊണ്ടു്.

സ്നേഹാദരങ്ങളോടെ,
എൻ. അപ്പുക്കുട്ടൻ,
എസ്. എച്ച്. കോളേജ്, തേവര.

# പാമ്പുകൾ മിത്രങ്ങളോ ശത്രുക്കളോ?

പാമ്പ് എന്നു കേൾക്കുമ്പോൾ തന്നെ പലരിലും ഭീതിയുടെ തീനാളങ്ങൾ ഉയരുകയാണ്. പേടിപ്പെടുത്തുന്ന ഒട്ടേറെ കഥകളാകും ഇതിനു കാരണം. ആയിരമായിരം തലകളും അതിലേറെ വരുന്ന പരിവാരങ്ങളുമായി നദീതടങ്ങളിൽ രാജവാഴ്ച നടത്തുന്ന കാളിയന്മാർ പുരാണങ്ങളിൽ സർവ്വത്ര കാണാം. കൈകാലുകൾക്കു പുറമെ ചുററിക്കറങ്ങിപ്പറക്കുവാൻ പോരുന്ന ചിറകുകളുള്ളതും സംസാരിക്കാൻ കഴിവുററവരുമായ ചുരുക്കം ചില ഉഗ്രസർപ്പങ്ങളും ക്രിസ്തീയ കഥകളിലും അങ്ങിങ്ങായി എത്തുപെടുന്നുണ്ട്.

**കെട്ടുകഥകൾ:** എന്നാൽ ഇവയെല്ലാം ശാസ്ത്രലോകത്തിന്റെ മുമ്പിൽ അസ്തിത്വമില്ലാത്ത ചിന്താസന്താനങ്ങൾ മാത്രം. ഉയരമാർന്ന മാവുകളുടെ കമ്പുകളിൽ വാലുകൊണ്ട് ചുററിപ്പിടിച്ചു കുലുക്കുകയും താഴെവീഴുന്ന ശർക്കരമാമ്പഴങ്ങളെ വാലുകൊണ്ടുള്ള പിടിവിടാതെതന്നെ എത്തിപ്പിടിച്ചു ആഹരിക്കുകയും ചെയ്യുന്ന ദീർഘകായകന്മാരായ പാമ്പുകളെ കണ്ടിട്ടുള്ളവർ നമ്മുടെ നാട്ടിൽ ധാരാളം. എന്നാൽ അവരിലാരും ദൃക്സാക്ഷികളല്ല പോലും. അപകടം പതിയിരിക്കുന്നുവെന്ന് മനസ്സിലായാൽ തൽക്ഷണം സഹായത്തിന് ഇണയെ ചൂളമൂതിവിളിച്ചു വരുത്തി ഇരുവരുംകൂടി ശത്രുവിനെ നേരിടുന്ന കാകോളിയും കോഴിപ്പൂവനും ഇന്നലെ വരെ ജീവിച്ചിരുന്നു. ഇന്നിവർ എവിടെ ഒളിച്ചുവോ?

വെട്ടിയിട്ട തേക്കുതടിപോലെ നിശ്ചലമായി കിടക്കുകയും വേട്ടക്കാരോ മററോ അരിതിളപ്പിക്കുമ്പോൾ, അടുപ്പും കലവും കൊണ്ട് ഇഴഞ്ഞു നീങ്ങിയ പെരുമ്പാമ്പുകളും ഇന്നു ഒളിവിലാണ്. മലമ്പാമ്പുകൾ തലമുതൽ വിഴുങ്ങവേതന്നെ കൈവശമുള്ള

കത്തികൊണ്ടു് അവയുടെ വയറുകീറി പുറത്തിറങ്ങിയ 'ചേട്ടന്മാർ' നമ്മുടെ നാട്ടിൽ എത്രയധികം! നന്നേ കുരുന്നിലെ തന്നെ ഇത്തരം കഥകൾ കേട്ടാൽ ഭയപ്പെടാത്തവർ ആരുണ്ടാകും? ഏതായാലും പാമ്പുകളുടെ ജീവിതത്തിലേക്കു് ഒന്നെത്തി നോക്കുന്നതു് രസാവഹം തന്നെ.

**ഭാരതീയർ:** ജന്തുലോകത്തിലെ റെപ്റ്റീലിയാ (Reptilia) ഗ്രൂപ്പിലെ ഓഫീഡിയാ (ophidia) എന്ന വംശജരാണു് സരീസൃപ വർഗ്ഗം. ഭൂതലത്തിൻെറ പലഭാഗങ്ങളിലായി നീളത്തിലും വണ്ണത്തിലും വർണ്ണത്തിലും വൈവിദ്ധ്യമാന്ന 2500-ൽ പരം ഇനം പാമ്പുകൾ ഇന്നു ജീവിച്ചിരിപ്പുണ്ടു്. ഇവരിൽ ഇൻഡ്യാക്കാരുടെ സംഖ്യ വെറും 216-മാത്രം ആകെയുള്ള പാമ്പുകളുടെ ഇനങ്ങളിൽ പത്തിലൊന്നുപോലും നമ്മുടെ നാട്ടിൽ കാണപ്പെടുന്നില്ല. പലരും വിദേശികളാണു്.

**ആഹാരം:** പാമ്പുകൾ എല്ലാം തന്നെ മാംസഭുക്കുകളാണു് ഷഡ്പദങ്ങൾ, മണ്ണിരകൾ, ഓന്തു്, എലി തുടങ്ങിയ ചെറു ജീവികളാണു് ഇവയിൽ പലതിൻേറയും ആഹാരം. തന്നേക്കാൾ തടിമിടുക്കുകുറഞ്ഞ മററു പാമ്പുകളെ വെട്ടി വിഴുങ്ങുവാൻ ഔത്സുക്യം കാണിക്കുന്നവരാണു് പാമ്പുകളിൽ പലരും. പ്രത്യേകിച്ചു് മൂർഖൻ പാമ്പുകൾ. കോഴി, താറാവു്, മുയൽ, ആടു് തുടങ്ങിയ സാമാന്യം വലുപ്പമുള്ള ജന്തുക്കളെ ഉള്ളിലാക്കുവാൻ പ്രാപ്തരാണു് മലമ്പാമ്പുകൾ എന്നുവിളിക്കുന്ന പെരുംപാമ്പുകൾ. മലവെള്ളത്തിലൂടെ ഒഴുകിവന്നു് ഭാഗ്യം കൊണ്ടു് കരക്കടുത്തിട്ടു് അടുത്തുള്ള താറാവിൻ കൂട്ടിൽ കയറി എട്ടുപത്തുതാറാവിനെ ഒന്നൊന്നായി വിഴുങ്ങിയിട്ടും പശിയടങ്ങാത്ത മലമ്പാമ്പുകളും ഉണ്ടു്. തരംകിട്ടിയാൽ തങ്ങളേക്കാൾ പതിന്മടങ്ങു വലുപ്പമുള്ള പശുക്കുട്ടികളേയും, മാൻകുട്ടികളേയും വരിഞ്ഞുകെട്ടി ശ്വാസം മുട്ടിച്ചുകൊന്നു മെല്ലെ ശാപ്പിടുവാൻ സഹായമാകും വിധമാണു് ഇവയുടെ വായുടെ ഘടന. മേലും കീഴുമുള്ള താടിയെല്ലുകളെ

തമ്മിൽ ബന്ധിക്കുന്ന മാംസപേശികൾ ആവശ്യാനുസരണം വികസിതമായിക്കൊള്ളും. വിഴുങ്ങുന്നതിനു മുമ്പായി കഴുത്തു കൊണ്ടു ഇരയെ വരിഞ്ഞുമുറുക്കി ശ്വാസംമുട്ടിച്ചു കൊല്ലുകയും പിന്നീടു പിടിമെല്ലെ അഴച്ച് ഇരയുടെ തലതപ്പിയെടുത്തു് സ്വന്തം വായിൽ ആക്കി സാവധാനം വിഴുങ്ങുകയാണു് പതിവു്.

കൂർത്തുമൂർത്ത പല്ലുകൾ തടുക്കുവാൻ വേണ്ടിയുള്ളതല്ല. വായിൽ നിന്നു ഇര പുറത്തേക്കോടി രക്ഷപെടാതിരിക്കുവാൻ പല്ലുകൾ ശക്തമായ ഒരു വേലികെട്ടു നിർമ്മിക്കുന്നു. വിഷപ്പല്ലുള്ള വീരന്മാർ തങ്ങളുടെ ശത്രുക്കളെ ശ്രമരഹിതമായി കീഴടക്കുവാൻ വേണ്ടി വിഷം കുത്തിവച്ചു് മയക്കാറുണ്ടു്. ശാപ്പാടതി ഗംഭീരമായാൽ അതു ദഹിപ്പിക്കുന്നതുവരെ എവിടെയെങ്കിലും പോയി സ്വസ്ഥമായി വിശ്രമിക്കണം. ആഴ്ചകൾ തന്നെ ഇത്തരംസുഖസുഷുപ്തിക്കുവേണ്ടി ചിലവാക്കിയെന്നുവരും.

എല്ലായിനം മൂർഖൻ പാമ്പുകളും കോഴിമുട്ടകൾ ഇഷ്ടപ്പെടുന്നു. മുട്ടയിട്ടു് ആ വിവരം കൊക്കികൊട്ടിഘോഷിച്ചു കൊണ്ടു് കോഴിപ്പിടക്കൂടുവിടുമ്പോൾ എന്നും പതിവായി വന്നു മുട്ടവിഴുങ്ങുന്ന പകൽ കള്ളന്മാരും ഇവരുടെ കൂടെയുണ്ടു്. മുട്ടവിരിഞ്ഞെത്തുന്ന കോഴിക്കുഞ്ഞുങ്ങൾ മൂർഖൻ പാമ്പുകൾക്കു് പ്രിയംകരമായ മറെറാരു ഭോജ്യവസ്തുവാണു്. അക്കൂട്ടത്തിൽ അല്പം പാലും കൂടി കിട്ടിയാൽ ഡിന്നർ ജോറായി. വയററിലെ എരിച്ചിൽ അടക്കാൻ സ്വന്തം കൂടപ്പിറപ്പുകളെയും കുഞ്ഞുമക്കളേയും പിടികൂടി വിഴുങ്ങുവാനും പാമ്പുകൾ മടിയ്ക്കാറില്ല. ഇരയെ വിഴുങ്ങുമ്പോൾ അവയുടെ തലമുതലാണു് സാധാരണവിഴുങ്ങാറുള്ളതു്. തുല്യശക്തിയുള്ളവർ പരസ്പരം വാലുകൾ മുതൽ വിഴുങ്ങി അവസാനം ഒരു വൃത്താകാരം സൃഷ്ടിച്ചു കൊണ്ടു് ദ്വന്ദയുദ്ധത്തിൽ ഒരേസമയം അന്തരിക്കുന്നു.

**ജ്ഞാനേന്ദ്രിയങ്ങൾ:** മാളങ്ങളിലും ഗൃഹാന്തർഭാഗങ്ങ

ളിലും ജീവിക്കുന്ന ചിലയിനം പാമ്പുകൾക്ക കണ്ണുകളേയില്ല. ഇവയും സഞ്ചാരപഥം നിർണ്ണയിക്കുന്നതു് നാവിൻെറ സഹായത്താലാണു്. പാമ്പുകളുടെ കവരച്ച (forked) നാവു് ചുററുപാടുമുള്ള മണം പിടിക്കുവാനും ശീതോഷ്ണാവസ്ഥ മനസ്സിലാക്കുവാനും കഴിവുററതാണു്. ഇങ്ങനെ ലഭിച്ച വിവരങ്ങൾ യക്കോബസൺസു് ഓർഗൻ എന്നു പേരുള്ള ജ്ഞാനേന്ദ്രിയത്തിനു നല്കുകയും അതു വാർത്താവിതരണകേന്ദ്രമായി പ്രവർത്തിക്കുകയും ചെയ്യുന്നു. വായുവിൽ കൂടി വരുന്ന ശബ്ദം ശ്രവിക്കുവാൻ കാതുകളില്ല. എന്നാൽ തറയിൽകൂടിവരുന്ന സ്വരം പിടിച്ചെടുക്കുവാൻ തലയിലെ ചെവിയുടെ ഭാഗത്തുള്ള അസ്ഥികൾ കഴിവുള്ളവയാണു്. പാമ്പുകളുടെ ഭയമുള്ള സ്ഥലങ്ങളിൽ രാത്രികാലങ്ങളിൽ സഞ്ചരിക്കുമ്പോൾ പാമ്പിനെ വിരട്ടുവാൻ വാകൊണ്ടു സ്വരം പുറപ്പെടുവിക്കുന്നതിൽ വലിയ അർത്ഥമില്ല. എന്നാൽ ഒരു വടികൊണ്ടുതറയിൽ ആഞ്ഞുകുത്തിനടന്നാൽ പാമ്പുകൾ വഴിമാറുകതന്നെ ചെയ്യും. വായുവിലെ തരംഗങ്ങളിൽ കൂടിവരുന്ന സ്വരം പാമ്പുകൾക്ക ശ്രവ്യമല്ലെങ്കിൽ പാമ്പാട്ടികളുടെ കുഴലൂത്തുകേട്ടു മാളങ്ങളിൽ നിന്നു പാമ്പുകൾ തന്നെ ഇറങ്ങിവരുന്നതെങ്ങിനെയെന്നു ചോദിച്ചേക്കാം. ഇതിനു് ഇന്നും ഉത്തരമില്ലാതെ കിടക്കുകയാണു്.

**വിഷപ്പാമ്പുകൾ:** പാമ്പുകളിൽ ഭൂരിഭാഗവും നിരുപദ്രവികളാണു്. വിഷമുള്ളവ കൈവിരലേൽ എണ്ണാൻമാത്രമേയുള്ള എങ്കിലും വിഷമുള്ള ഈ ചുരുക്കം പേരിൽ ഏതാനും വ്യക്തികൾ ഉഗ്രന്മാർ തന്നെ. വിഷം കുത്തിവയ്ക്കുന്നതു പ്രധാനമായും ഇരയെ മരവിപ്പിക്കാനാണു്. എന്നാൽ സ്വയരക്ഷാർത്ഥം ശത്രുക്കളോടു ഏററുമുട്ടുവാൻ ഇതുവളരെയേറെ സഹായകരമാണു്. വിഷപ്പല്ലുകൾ മററു പല്ലുകളെ അപേക്ഷിച്ചു് വലുതാണു്. ഇവയുടെ എണ്ണം രണ്ടു മാത്രം. വിഷം കുത്തിവയ്ക്കുകയെന്ന ഏകജോലിയെ ഇവയ്ക്കുള്ളു. മൂർഖൻ, വളവളപ്പൻ, പവിഴപ്പാമ്പുകൾ എന്നിവയുടെ വിഷപ്പല്ലുകൾ മേൽത്താടിയിൽ മുമ്പന്തിയിൽ

നില്ക്കുന്നു. ഇവമുമ്പോട്ടും പിറകോട്ടും മാറവാൻ പാടില്ലാത്ത വിധം ഉറപ്പിച്ചിരിക്കയാണു്. എന്നാൽ അണലികളുടെ വിഷപ്പല്ലുകൾ താടിയെല്ലിന്റെ ചലനത്തോടൊത്തു മുമ്പോട്ടു കറക്കിക്കൊണ്ടു വരാവുന്നതാണു്.

വിഷപ്പല്ലുകളിലുള്ള കനാലിലേക്കു വിഷം എത്തിക്കുന്നതു മേൽത്താടിയുടെ ഇരുവശമുള്ള വിഷസഞ്ചികളാണു്. ഉമിനീർ ഗ്രന്ഥികൾ രൂപം കൊണ്ടവയാണിവ. മേല്പറഞ്ഞ സഞ്ചിയിൽ നിന്നു വിഷം പമ്പുചെയ്യുവാൻ കെല്പുള്ള പ്രത്യേകതരം മാംസപേശികളുണ്ടു്. വിഷം രണ്ടു ഗ്രൂപ്പുകളിൽപ്പെടുന്നു. ഒന്നു രക്തധമനികളെ ഹൃദയത്തേയും ബാധിക്കുന്നവ. അണലികൾ, പുളവൻ എന്നിവർ ഈ തരത്തിൽ പെടുന്നു. മൂർഖൻ, വളവളപ്പൻ എന്നിവയുടെ വിഷം സിരാവ്യൂഹത്തെയാണു തളർത്തുക. വിഷത്തിനു രക്തധമനികളുടെ നേരിയ ആവരണത്തെ ദ്രവിപ്പാനും അതുവഴി രക്തം ചുററുപാടും പ്രസരിക്കാനും അങ്ങനെ ശരിയായ രക്തസംക്രമണം സ്തംഭിപ്പിക്കാനും കഴിവുണ്ടു്. വിഴുങ്ങുന്ന ഇരകളെ വേഗം ദഹിപ്പിക്കുവാനും കുത്തിവയ്ക്കുന്ന വിഷം ഉപകരിക്കുന്നു. വിഷം ഉണ്ടെങ്കിലും വിഷപ്പല്ലുകൾ വായുടെ ഉൾഭാഗത്താകയാൽ ക്ഷണനേരം വിഷം കുത്തിവയ്ക്കുവാൻ കഴിയാത്ത പാമ്പുകളും ചുരുക്കമല്ല. കണ്ണിന്റെ ഉപയോഗംകൂടാതെ പാതിരാവിലെ കൂരിരുട്ടിൽ ശത്രുക്കളുടെ സാന്നിദ്ധ്യം മനസ്സിലാക്കി ഉന്നംതെററാതെ വിഷം കുത്തിവെയ്ക്കുവാൻ കഴിവുള്ളവരാണു് പിററവൈപ്പേഴ്സ് എന്ന കൂട്ടർ.

**പാമ്പുകടി:-** മനുഷ്യരെ പാമ്പുകൾ കടിക്കുന്നതു് ഒന്നുകിൽ ദേഹത്തു ചവിട്ടിയിട്ടോ അല്ലങ്കിൽ ഏതെങ്കിലുംവിധം ശല്യപ്പെടുത്തിയിട്ടോ ആവാം. സാധാരണയായി കാലിലാകും കടിയേല്ക്കുക. മററു പല്ലുകളെക്കാൾ വിഷപ്പല്ലുകൾ ഏല്പിക്കുന്ന മുറിവുകൾ ആഴം കൂടിയതാകും. പാമ്പുകൾ നമ്മെ പലപ്പോഴും കടിച്ചാലും ഓടി രക്ഷപ്പെടാനുള്ള ശ്രമത്തിൽ മാരകമാംവിധം

വിധം വിഷംകുത്തിവെയ്ക്കാതെ പോകുന്നു. മിക്കപ്പോഴും ഇതാണു സ്ഥിതി. കാലിൽ ആഞ്ഞുകൊത്തിയിട്ട് വിഷപ്പല്ലുകൾ ഊരാൻ സാധിക്കാതെ വരികയും കാലിൽ ചിററിപ്പിണയുകയും ചെയ്താൽ മാരകമാംവിധം വിഷം ഉള്ളിൽ കടക്കുന്നു. കാൽകുടഞ്ഞിട്ടും പോകാതെ കടിച്ചു മലന്നു തൂങ്ങിക്കിടക്കുന്ന അവസ്ഥാവിശേഷം സംജാതമായാൽ പാമ്പ് കടിയേററ ആൾ സംഭ്രമിച്ച് ഓടുകയും ഉച്ചത്തിൽ നിലവിളിക്കുകയുംചെയ്യും. ശക്തമായ കടിഏററാൽ അതായതു വിഷം പ്രധാനപ്പെട്ട ഏതെങ്കിലും ധമനികളിൽ കുത്തിവയ്ക്കപ്പെട്ടാൽ നാലഞ്ചു മിനിട്ടുകൾക്കുള്ളിൽ ആൾ തളർന്നു വഴിയിൽ വീണെന്നുവരാം. സാധാരണയായി ഒന്നു രണ്ടു മണിക്കൂറുകൾ വരെ ജീവൻ നിലനില്ക്കാറുണ്ട്.

നല്ല ആരോഗ്യമുള്ള ഒരാളെ അപായപ്പെടുത്തുവാൻ മൂർഖൻ പാമ്പുകൾക്കു (Cobra) 12 മില്ലീഗ്രാം വിഷം കുത്തിവെച്ചാൽ മതി. 200 മില്ലീഗ്രാം വരെ വിഷ ദ്രാവകം ഒരുകടിവഴിയായി സംക്രമിപ്പിക്കുവാൻ ഇവയ്ക്കു കഴിയും. വളവളപ്പൻ ജാതിയിൽപ്പെട്ട (Kriat) പാമ്പുകളുടെ വിഷമാണ് ഉഗ്രമേറിയതായി കാണുന്നതു്. ഇവയുടെ 6 മില്ലീഗ്രാം വിഷംമതി ഒരാളെ വകവരുത്തുവാൻ എന്നാൽ 30 മില്ലീഗ്രാമിൽ അധികം വിഷം ഒരു പ്രാവശ്യം വമിപ്പിക്കാൻ ഇവയ്ക്കു കഴിവില്ലെന്നതു വലിയൊരു അനുഗ്രഹമാണ്. പുളവൻ അണലികൾ എന്നിവയുടെ 15 മില്ലീഗ്രാം വിഷം ആവശ്യമാണ് മാരകമാകുവാൻ ഇവയ്ക്കു 150 മി. ഗ്രാം വിഷം ഒരു കടിവഴിയായി കുത്തിവയ്ക്കുവാൻ സാധിക്കും.

ഒരാളെ മൃതിപ്പെടുത്തുവാൻ ആവശ്യമുള്ളതിൽ വളരെയധികം വിഷം വമിപ്പിക്കുവാൻ മേല്പറഞ്ഞ പാമ്പുകൾക്കുകഴിവുണ്ടെങ്കിലും മിക്കപ്പോഴും ആവശ്യമുള്ളിടത്തോളം വിഷം ഉള്ളിൽ കടത്തിവിടാൻ സാധിക്കാതെ പോകുകയാണ് നേരത്തെ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഭയമാണ് ഇതിനു് വിലങ്ങുതടിയായി നില്ക്കുന്നതു്. കൂട്ടത്തിൽ ഓടി സ്വയം രക്ഷപെടാനുള്ള വ്യഗ്രതയും

ആവശ്യത്തിൽ കമ്മിയായ വിഷബാധയാണ് മിക്കവാറും നമ്മുടെ നാടൻ ചികിത്സകരാംകൊണ്ട് പരിഹൃതമാകുന്നത്.

പാമ്പിൻ വിഷം രസതന്ത്രപരമായി വിശകലനം ചെയ്താൽ അതൊരു എൻസയം (Enzyme) ആണെന്നു കാണുവാൻ വിഷമമില്ല. ഇതു രക്തംവഴി വളരെവേഗം ശരീരത്തിൽ വ്യാപിക്കുന്നു ഇതിന്ന് പ്രതിവിധിയായി വായിൽകൂടിനല്കുന്ന മരുന്നുകരം ആമാശയത്തിൽ എത്തി അവിടെ അതു ദഹിച്ച രക്തംവഴി ശരീര ഭാഗങ്ങളിൽ എത്തി അവിടെ സ്ഥലം പിടിച്ചിട്ടുള്ള വിഷപൂർണ്ണമായ എൻസൈമുകളെ നിർവീര്യമാക്കുവാൻ (Neutrilize) വളരെയേറെ സമയം എടുക്കും. ഇതിനു മുമ്പുതന്നെ രോഗി വിവശനായി മരിച്ചിരിക്കും.

**പ്രാഥമികശുശ്രൂഷകരം** നമ്മുടെ നാട്ടിൽ പാമ്പു കടിക്കെതിരായി പല തരത്തിലുള്ള ചികിത്സാസമ്പ്രദായങ്ങരം നിലവിലിരിപ്പുണ്ട്. പ്രാഥമിക ശുശ്രൂഷകരം തന്നെ പലവിധമുണ്ട്. പലതും മാനസികമായ പ്രതിരോധശക്തികൂടി ഉല്ലാദിപ്പിക്കുന്നവയാണ്. കടിച്ച ഭാഗത്തുനിന്നു ശരീരത്തിൻെറ മററു ഭാഗങ്ങളിലേയ്ക്കു വിഷബന്ധമായ രക്ത സംക്രമണം ഉണ്ടാകാതെ നോക്കുകയാണ് എല്ലാവിധ പ്രാഥമിക ശുശ്രൂഷകളിലും അന്തർലീനമായി കിടക്കുന്ന തത്വം ഇതിനാണു ചരടുകൊണ്ടോ ടവ്വൽ കൊണ്ടോ മുറിവിനു മേൽ ഭാഗത്തായി വലിഞ്ഞുകെട്ടുന്നത്. കടിയേററഭാഗത്തുള്ളവിഷം ആ ഭാഗം വരിഞ്ഞുകേറി രക്തത്തോടൊന്നിച്ച് പുറത്തേയ്ക്കു പ്രവഹിപ്പിക്കുന്നതും കോരംവ കഴുകുന്നതും വിഷബന്ധമായ രക്തസംക്രമണം തടയാൻ ഉപകാരപ്പെടുന്നു.

**നാടോടിക്കഥകരം:-** ഒട്ടേറെ കെട്ടുകഥകരം പാമ്പുകടിയോടൊപ്പം നമ്മുടെ നാട്ടിൽ സ്ഥലം പിടിച്ചിട്ടുണ്ട്. ചില വിഷവൈദ്യന്മാർ ഇരുന്നിടത്തിരുന്നുകൊണ്ട് കടിച്ച പാമ്പിനേ

യും അതിന്റെ പൂവ്വകാല ചരിത്രത്തെപ്പററിയും ദീർഘമായി പ്രസംഗിക്കുവാൻ കെല്പുള്ളവരാണ്. ഇവരിൽ ചിലരെങ്കിലും കട്ടുറുമ്പുകളെ അയച്ചു കടിച്ചപാമ്പുകളെ അവ ഒളിച്ചിരിക്കുന്ന ഗൂഢസ്ഥാനങ്ങളിൽനിന്നും വിളിച്ചുവരുത്തി വിഷംതിരിച്ച് വലിച്ചെടുപ്പിക്കുവാൻ പ്രാപ്തരാണെന്നു വിശ്വസിക്കുന്ന വലിയൊരുജനസഞ്ചയം നമ്മുടെനാട്ടിലുണ്ടു്. വഷബാധ ഏററിടത്തു പൂവൻകോഴിയുടെ കഴുത്തു കണ്ടിച്ചു വിഷലിപ്തമായരക്തം കോഴിയുടെ ദേഹത്തേയ്ക്കു സംക്രമിപ്പിച്ച് അപകടം ഒഴിവാക്കുന്നവരും ഒട്ടും കുറവല്ലത്രെ.

നമ്മുടെനാട്ടിൽ മന്ത്രവും തന്ത്രവും വിഷചികിത്സയിൽ അതിപ്രധാനമായ ഒരു പങ്കുവഹിക്കുന്നുണ്ടു്. മരുന്നിനുപുറമെ ദീർഘമായ പ്രാർത്ഥനകളും മുഹൂർത്തംനോക്കിയുള്ള ഭജനങ്ങളും ഒത്തുകളും എന്തിനെന്നു മനസ്സിലാകുന്നില്ല. വിഷബാധമാറിയാലും രോഗിയുടെ വീട്ടിലെ ആടൊമാടോ മററു വളർത്തുമൃഗങ്ങളൊ വിഷവൈദ്യന്റെ കല്പനപ്രകാരം ചാകുന്നതു് മരുന്നിന്റെ മാത്രം ഫലംകൊണ്ടാകയില്ലല്ലൊ. വിഷബാധമാറിയാൽ അകത്തുവേണൊ പുറത്തുവേണൊ, എന്നു വിഷവൈദ്യൻ ആരായുകയായി. ഇതിന്റെഅർത്ഥം മരണം കുടുംബാംഗങ്ങളിൽവേണമൊ അതൊ വളർത്തുമൃഗങ്ങളിൽ മതിയാകണമൊ എന്നതത്രെ. അകത്തുവേണമെന്നുപറഞ്ഞാൽ വിഷബാധമാറിയ ആൾക്കുപകരം വേറൊരാൾ അന്തരിക്കയായി. ഇതിനുസമ്മതംമൂളുക വിഷമമായതിനാലാണ് പുറത്തു മതിയെന്നു പറയുവാൻ കുടുംബനായകൻ നിർബന്ധിതനാകുന്നതും വളർത്തുമൃഗങ്ങളിൽ ഏററവും നല്ലതൊന്നു ക്രമേണ ചത്തുവീഴുവാനും ഇടയാകുന്നതു്. ഈ അമാനുഷ്യശക്തി വിഷവൈദ്യത്തിനു എവിടെനിന്നുലഭിക്കുന്നു?

**വിഷക്കല്ലുകൾ:-** വിഷം സ്വയം വലിച്ചെടുക്കുകയും പിന്നീട് പാലിലിട്ടാൽ വിഷം പാലിലേയ്ക്കുവിസർജ്ജിക്കുകയും ചെയ്യുന്ന വിഷക്കല്ലിന്റെ ശക്തിയും ശാസ്ത്രലോകത്തിനു് ഇന്നു്

വിശ്വാസം ക്ഷയിച്ചു വരികയാണു്. ഗൗരവംകുറഞ്ഞ വിഷബാധകളിൽ നിന്നും മാത്രമേ വിഷക്കല്ലുകൾ വിമുക്തി നല്കുന്നുള്ളുപോലും. വിഷബാധയേൽക്കാത്ത ചിലരിലും ഇത്തരം വിഷക്കല്ലുകൾ പററിപ്പിടിക്കാറുണ്ടു് എന്നുള്ളതാണു രസാവഹമായ മറെറാരു സംഗതി. ഒരുപക്ഷെ ഇവരിൽ വല്ല പേട്ടരക്തവും കണ്ടെന്നുവരാം.

**പ്രതിവിഷം:** ഇന്നു നിലവിലുള്ള ചികിത്സാസമ്പ്രദായങ്ങൾ ഏററവും ഫലവത്തും വിശ്വാസമർപ്പിക്കാവുന്നതും രക്തധമനികളിൽ കുത്തിവച്ചു പോരുന്ന "ആൻറിവെനം" എന്ന പേരിൽ അറിയപ്പെടുന്ന പ്രതിവിഷമാണു്. ഇതു നേരിട്ടു രക്തത്തിൽ എത്തി അതിൽ കലർന്നിട്ടുള്ള വിഷദ്രാവകത്തെ മുഴുവനായി നിർവീര്യമാക്കുന്നു. ഈ പ്രതിവിഷം പാമ്പുകളുടെ വിഷത്തിൽ നിന്നുതന്നെയാണു് ഉല്പാദിപ്പിക്കുന്നതു്. വിഷപ്പാമ്പുകളെ വളർത്തി അവയുടെ വിഷം തുടരെത്തുടരെ ചോർത്തിയെടുക്കുകയാണു് ആദ്യപടി. ചെറിയ ഇനം ഗ്ലാസ്സിന്റെ വായ് ഭാഗത്തു കെട്ടി ഉറപ്പിച്ചിരിക്കുന്ന നേർമ്മയായ റബ്ബർ ഷീററിൽ കൊത്തിച്ചാണു് വിഷം ചോർത്തിയെടുക്കുന്നതു്. പാമ്പു റബ്ബർ ഷീററിൽ കൊത്തുന്നതോടുകൂടി അതിന്റെ വിഷസഞ്ചി ഞെക്കിയാൽ ഒരു ററീസ്പൂൺ നിറയെ മണവും രുചിയും നിറവുമില്ലാത്ത വിഷദ്രാവകം വിസർജ്ജിക്കപ്പെടും. ഈ വിഷം പിന്നീടു കുതിരയുടെ ശരീരത്തിൽ കുത്തിവയ്ക്കുന്നു. കുതിരയുടെ ശരീരത്തിൽ ക്രമേണ രൂപംകൊള്ളുന്ന പ്രതിവിഷത്തെ ശുദ്ധീകരിച്ചു ശേഖരിക്കയാണു് അടുത്തപടി. ഇങ്ങനെ സമ്പാദിക്കുന്ന പ്രതിവിഷം പാമ്പുകളുടെ വിഷദ്രാവകത്തെ നിർവീര്യമാക്കുവാൻ കഴിവുററതാണു്. ഈ പ്രതിവിഷത്തിന്റെ ശക്തിയെപ്പററി ഇന്നു് ആർക്കും സംശയമില്ല. പാമ്പിൻ വിഷത്തെ മുഴുവനായി ക്ഷണേന നശിപ്പിക്കുന്നതിനു് ഏററവും ആധികാരികമായിട്ടുള്ള മരുന്നായി ഇതിനെ വൈദ്യലോകം ഒന്നടങ്കം അംഗീകരിച്ചു കഴിഞ്ഞു.

ജീവിതകഥ: ശരീരത്തിൽ നിന്നു വമിക്കുന്ന പ്രത്യേക തരം ഒരു ഗന്ധത്താലാണു പെൺപാമ്പുകൾ അവയുടെ ഇണയെ ആകർഷിക്കുന്നത്. വളരെവേഗം എത്തിപ്പെടത്തക്കവണ്ണം ഇതു ശക്തിയുള്ളതാണ്. പെൺപാമ്പുകളുടെ സമീപത്തെത്തുന്ന ഇണ പ്പാമ്പുകൾ താമസിയാതെ തന്നെ സ്നേഹപ്രകടനങ്ങൾ ആരംഭി ക്കുകയായി. എതിർപ്പൊന്നും പ്രകടമായില്ലെങ്കിൽ പരസ്പരം ചുററി പ്പിണയുകയും ദാമ്പത്യബന്ധം പുലർത്തുകയും ചെയ്യുന്നു. ഇണ പ്പാമ്പുകൾ നൃത്തം വയ്ക്കാറില്ല. എന്നാൽ പലപ്പോഴും പാമ്പു കൾ ഇണചേരുന്നതായി നാം കരുതുന്ന അവസരങ്ങൾ രണ്ടു പാമ്പു കൾ കെട്ടിപ്പിണഞ്ഞു നിന്നുകൊണ്ടു പരസ്പരം മലർത്തിയടിക്കു വാൻ വെമ്പൽ കാണിക്കുന്ന ദ്വന്ദ്വയുദ്ധങ്ങളാണ്. ഇത്തരം മത്സര ഡാൻസുകളിൽ (Combat dance) പങ്കെടുക്കുന്നതു പ്രതി ദ്വന്ദ്വികളായ ആൺപാമ്പുകൾ ആയിരിക്കും. ഇത്തരം മല്ലയുദ്ധ ങ്ങൾ മണിക്കൂറുകൾ തന്നെ നീണ്ടുനിന്നുവരും.

പാമ്പുകൾ മിക്കവയും മുട്ടയിടുന്നവയാണ് (Oviparous). എന്നാൽ അണലികളെപ്പോലെ ചുരുക്കം ചിലയിനം കു ഞ്ഞുങ്ങളെ പ്രസവിയ്ക്കുന്നു. (Viviparous) തണലുള്ളതും എന്നാൽ ചൂടുലഭിക്കുന്നതുമായ മാർദ്ദവമേറിയ മണ്ണിലാണു മുട്ടയിടുന്നത്. മു ട്ടകളിന്മേൽ അടയിരിക്കേണ്ട ആവശ്യമില്ല. അവ പുറത്തെ ചൂടു കൊണ്ടു സ്വയം വിരിഞ്ഞുകൊള്ളും. മൂർഖൻപാമ്പുകൾ സാധാ രണയായി മൂന്നു ദിവസംകൊണ്ടു 56 മുട്ടകളോളം ഇടുന്നു. ഇവ 60 ദിവസം കൊണ്ട് സ്വയമേ വിരിയുന്നു. മുട്ടവിരിഞ്ഞിറങ്ങു ന്ന പാമ്പിൻ കുഞ്ഞുങ്ങൾ പുറത്തിറങ്ങുന്ന ക്ഷണംമുതൽ പത്തി വിരിച്ചു നില്ക്കുവാനും വിഷബാധ ഏല്പിക്കുവാനും കഴിവുള്ളവ രാണ്.

അണലികൾ പ്രത്യേകിച്ചു റസൽസ് വൈപ്പർ എന്നുപേരു ള്ള ഇനം മൂന്നുനാലു ദിവസം കൊണ്ടു ഏതാണ്ടു 98 കുഞ്ഞുങ്ങളെ പ്രസവിക്കുന്നതായി കണക്കാക്കപ്പെടുന്നു. എന്നാൽ ചുരുക്കം

ചില പാമ്പുകൾ മുട്ടകൾ ഗർഭ പാത്രത്തിൽ സംഭരിക്കുകയും മുട്ടകൾ അവിടെ വിരിഞ്ഞ ശേഷം കുഞ്ഞുങ്ങൾ പുറത്തുവരികയും ചെയ്യുന്നു.

ജന്മം നല്കിയ മാതാപിതാക്കൾ കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ ഒട്ടും മെനക്കെടാറില്ല. ഇതൊരു മഹാഭാഗ്യമായി കരുതണം. അല്ലെങ്കിൽ പാമ്പുകളുടെ എണ്ണം ജനനത്തോതിൽ വളരെയേറെ വർദ്ധിച്ചേനെ. മുട്ടവിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങളെ ആഹരിക്കുവാൻ ശത്രുക്കൾ മാത്രമല്ല സ്വന്തപ്പെട്ടവർ തന്നെ ഓടിക്കൂടാറുണ്ട്. സ്വന്തം പിഞ്ചോമനകളെ പിടിച്ചു വിഴുങ്ങുന്ന മാതാപിതാക്കളും ഇല്ലാതില്ല.

വളരുന്നതിന്നിടയിൽ പാമ്പിൻ കുഞ്ഞുങ്ങൾ പലപ്രാവശ്യം അവയുടെ പടം കൊഴിയുന്നു. വളരുന്ന ദേഹത്തിനു പഴയ ഉടുപ്പു ചേർച്ചയില്ലാതെ വരുന്നതു കൊണ്ടാണ് ഇങ്ങനെ പുറംതൊലി ഉപേക്ഷിക്കുന്നതു്. പുറം കുപ്പായം ഊരിമാററുവാൻ എളുപ്പം കിട്ടുവാൻവേണ്ടി പാലുപോലുള്ള ഒരു ദ്രാവകം പാമ്പിൻെറ ശരീരം പുറപ്പെടുവിക്കുന്നുണ്ടു്. പടം കൊഴിച്ചിൽ ആരംഭിക്കുന്നതു വാൽ ഭാഗത്തുനിന്നാണ്. ഒട്ടും തന്നെ കേടുപാടുകൾ കൂടാതെ തന്നെ പുറം ചട്ട ഊരിമാററുവാൻ പാമ്പുകൾക്കുകഴിയും. ഊരിമററുന്ന ഈ കുപ്പായം കണ്ടാൽ മതി അതിൻെറ ഉടമസ്ഥൻെറ സകല വിവരവും ലഭിക്കുവാൻ.

**പാമ്പുകൾമിത്രങ്ങളല്ലേ?** വാസ്തവത്തിൽ പാമ്പുകളെ നമ്മുടെ മിത്രങ്ങളായി കരുതേണ്ടതാണു് കാരണം അവ നമുക്കു ചെയ്യുന്ന നന്മകൾ അത്രയേറെയാണ്. നമ്മെ ഉപദ്രവിക്കുന്നതോ മനസ്സില്ലാമനസ്സോടെയും, സ്വയരക്ഷാർത്ഥം കാണിക്കുന്ന ബദ്ധപ്പാടിലും പലായനത്തിലുമത്രെ. സ്വയരക്ഷാർത്ഥം എതിരാളിയെ വകവരുത്തുവാൻ കോടതിയും നിയമങ്ങളും ഉന്നതസൃഷ്ടികളായ നമ്മുക്കും കുട്ടുനില്ക്കുന്നുണ്ടല്ലോ. പാമ്പുകൾ തങ്ങളെ

പാലൂട്ടുന്ന കൈകളെ കൊത്താറില്ല. അവയ്ക്കും നന്ദിയുണ്ടെന്നതിനു ധാരാളം അനുഭവസാക്ഷ്യങ്ങളുണ്ട്. കീരികളുടെ ആക്രമണത്തിൽനിന്നു മനുഷ്യസഹായത്തോടുകൂടി രക്ഷപെട്ട ഒട്ടേറെ അവസരങ്ങളെ പാമ്പുകൾ തങ്ങളുടെ ഉപകൃതരുടെ നേരെ കൃതജ്ഞതാപ്രകടനം നടത്തിയ സാക്ഷ്യങ്ങൾ പത്രങ്ങളിൽ നാം വായിക്കാറുണ്ടല്ലോ.

കേരളക്കരയുടെ കാര്യമെടുത്താൽ പാമ്പുകൾ പല നായർ കുടുംബങ്ങളുടെയും ആപ്തമിത്രങ്ങളും സർപ്പക്കാവുകളിലെ ആരാധനാ വസ്തുക്കളുമാണ്. ഈ കാവുകളിൽ സ്ഥിരതാമസം നടത്തിക്കൊണ്ട് കർഷകന്റെ വിളവു നശിപ്പിക്കുന്ന എലി, ഓന്ത്, കീടങ്ങൾ മുതലായ ക്ഷുദ്രജന്തുക്കളെ ദൈനംദിനം തിന്നൊടുക്കുന്നു.

പാമ്പുകളുടെ മനോഹരമായ തൊലി ബാഗ്, ബെൽററ് പേഴ്സ് തുടങ്ങിയ ഒട്ടേറെ ഫാൻസി വസ്തുക്കൾ ഉണ്ടാക്കുന്നതിനു ഉപകരിക്കുന്നു. ദിവസം ചെല്ലുംതോറും ഇതിനുള്ള കമ്പം പെരുകി വരികയാണ്. പാമ്പുകൾ ഊരിയിടുന്ന പുറംകുപ്പായം പട്ടികൾക്കുണ്ടാകുന്ന മെയിൻജ് ("Mange")എന്ന സൂഖക്കേടിനു നല്ലൊരു പ്രതിവിധിയാണ്. പാമ്പിൻനെയ്യ് മനുഷ്യശരീരത്തിലെ ഒട്ടേറെ മുറിവുകൾക്കും, കണ്ണിലെഴുതുന്ന ഓയിൻറ്മെൻറ് ഉണ്ടാക്കുന്നതിനും ഉപകാരപ്രദമാണ്.

മൂർഖൻപാമ്പുകളുടെ വിഷം ശസ്ത്രക്രിയ അസാദ്ധ്യമായ ഭാഗങ്ങളിൽ ഉണ്ടാകുന്ന ക്യാൻസർ രോഗങ്ങളുടെയും നാഡീസംബന്ധമായ കുഷ്ഠരോഗങ്ങളുടേയും വേദനശമിപ്പിക്കാൻ ഉപകാരപ്പെടുന്നു. ആയുർവ്വേദമരുന്നുകളിൽ ക്ഷയത്തിനു് കൈകണ്ട ഔഷധമാണ് പാമ്പിൻ വിഷം. രക്തതാപം ഉയർത്തുവാനും ഇതുപകരിക്കുന്നു. അണലികളുടെ വിഷം ഡെൻഡൽക്ലിനിക്കുകളിൽ പല്ലെടുപ്പിനെത്തുടർന്നുള്ള രക്തമൊലിപ്പുനിർത്താനായി ഉപയോഗിച്ചു


വരുന്നു. ദേഹത്തെവിടെയെങ്കിലും മുറിവുണ്ടായാൽ രക്തപ്രവാഹം നില്ക്കാതെ ബ്ലീഡേഴ്സ് ഡിസീസ് (Bleeders disease) എന്ന പേരിൽ അറിയപ്പെടുന്ന ഹീമോഫീലിയാ (Haemophilia) യെ നേരിടുവാൻ പണ്ടു കാലം മുതൽതന്നെ വൈദ്യലോകത്തിനു സഹായഹസ്തം നീട്ടിയിരുന്നതും പാമ്പിൻ വിഷമാണ്.

മേല്പറഞ്ഞ തുറകളിലെല്ലാം മനുഷ്യരാശിയ്ക്കു മഹത്തായ സേവനം കാഴ്ചവയ്ക്കുന്ന പാമ്പുകളുടെ ഏറ്റവും കൂടിയ ശത്രു മനുഷ്യരാണെന്നുള്ളതു മനസ്സിലാക്കാൻ കഴിയാത്ത വസ്തുതയാണ്. ഈ വിരോധാഭസം അപ്രത്യക്ഷമാകണമെങ്കിൽ പാമ്പുകളെ പറ്റിയുള്ള അമിതമായ ഭീതി നശിക്കണം. ആശ്വാസം എന്നേ പറയേണ്ടു, നമ്മുടെ നാട്ടിൽ ചിലരെങ്കിലും പാമ്പുകളെ പിടിയ്ക്കുവാനും വളർത്തുവാനും അവയിൽനിന്നു ആദായമാർഗ്ഗം കണ്ടെത്തുവാനും തുടങ്ങിയിട്ടുണ്ട്.

---

# എട്ടുകാലികളുടെ ലോകം. I

ജലപ്പരപ്പിനു മീതെ തെററിത്തെററി നടക്കുന്നവരും വെള്ളത്തിനുള്ളിൽ വായുനിറച്ച ടെൻറുകളിൽ താമസിക്കുന്നവരും പക്ഷികളെ പിടിച്ചു തിന്നുന്ന ഭീമൻമാരും ഉൾക്കൊള്ളുന്ന എട്ടുകാലിവംശത്തിൽ അൻപതിനായിരത്തിലധികം വിവിധ സ്പീഷീസുകളിൽ പെട്ട അഡ്രസ്സുള്ള വ്യക്തികളുണ്ടു്.



പ്രകൃതിയുടെ പല വികൃതികളും ഉൾക്കൊള്ളുന്നതല്ലേ എട്ടുകാലികളുടെ ജീവിതവൃത്തം.? അടിക്കടി മങ്കമാരുടെ തേർവാഴ്ച നടക്കുന്ന ഒരു വർഗ്ഗമായതിനാലായിരിക്കാം എട്ടുകാലികുടുംബത്തിൽ Spiders എട്ടുകാലന്മാരുടെ (Male) നാമധേയം കേൾക്കാതെപോയതു്. എട്ടുകാലുള്ളതിനാൽ "എട്ടുകാലർ" എന്നപേരിലായിരുന്നു ഈ വംശം അറിയപ്പെടേണ്ടിയിരുന്നതു്.

എന്തിനു്? മഹിളമാരുടെ വൈരുധ്യമാർന്ന രാക്ഷസ ഭരണത്തിൻ കീഴു് വെറും എറാൻമൂളികളായിപ്പോയി എട്ടുകാലി കുടുംബത്തിലെ എട്ടുകാലന്മാർ പേരും പെരുമയുംമില്ലെന്നല്ലാ എട്ടുകാലന്റെ ജീവിതത്തിലെ ഏതാനും മിനുററുകൾ ഒഴിച്ചു ബാക്കി സർവ്വവും ഒരനാവശ്യമാണുപോലും. എട്ടുകാലികൾക്കു് പ്രകൃതിയുടെ പല വികൃതികളും ഉൾക്കൊള്ളുന്നതാണു് എട്ടുകാലികളുടെ ജീവിതവൃത്തം.

## എല്ലായിടത്തും എട്ടുകാലികൾ

വടക്കു് വടക്കു് മഞ്ഞുറഞ്ഞ ഗ്രീൻലണ്ടു്, അലാസ്കാ തുടങ്ങി അങ്ങു തെക്കു് അന്റാർട്ടിക്കായ്ക്കടുത്തു കെർഗ്വളൻ ദ്വീപുകൾവരെ എട്ടുകാലിവംശത്തെ കാണാം. അതുപോലെ സമുദ്രനിരപ്പുമുതൽ എവറസ്റ്റിൽ 7300 മീററർ ഉയരം വരെയും എട്ടുകാലികൾ കുടിപാർപ്പുള്ളതായി റിക്കാർഡു ചെയ്യപ്പെട്ടിട്ടുണ്ടു്. കരയിലും വെള്ളത്തിലും, കാടുകളിലും, പച്ചപിടിച്ച മൈതാനങ്ങളിലും മണലുമാത്രം വിളയും മരുപ്രദേശത്തും ഭൂഗർഭാലയങ്ങളിലും എന്നല്ലാം എവിടെയും എല്ലായിടത്തും കാണാവുന്ന ഒരുകൂട്ടരാണു് എട്ടുകാലികൾ. തളംകെട്ടിനില്ക്കുന്ന ജലപ്പരപ്പിന്റെ മുകളിൽക്കൂടി തെന്നിത്തെന്നി നടക്കുന്ന ഏററമിറക്കത്തിന്റെ തരംനോക്കി കടലിൽ ഇറങ്ങി മൃഷ്ടാന്നഭോജനം നടത്തി മടങ്ങുന്നവരെയും ഇക്കൂട്ടത്തിൽ കാണാം. വെള്ളത്തിനടിയിൽ വായുനിറച്ച ടെൻറുകൾകെട്ടി അതിൽ കാലയാവനം ചെയ്യുന്നവരും ഇല്ലാതില്ല. തെക്കെ അമേരിക്കയിൽ പക്ഷികളെ പിടിക്കുന്ന ഒരുതരം എട്ടുകാലി ഭീമന്മാർ ഉണ്ടുപോലും. ഇനിസ്വർഗ്ഗത്തിലെങ്ങാനും ഇവർ കയറിപ്പററിയിട്ടുണ്ടോ എന്നുനോക്കുവാനേയുള്ളു.

ആറുകാലുള്ളതിനാൽ ഷഡ്പദങ്ങൾ (Insects) എന്നറിയപ്പെടുന്ന ഗ്രൂപ്പിൽപ്പെട്ടവരല്ല എട്ടുകാലികൾ. ഷഡ്പദങ്ങളുടെ ശരീരം മൂന്നുയൂണിററുകളായി (Head, Thorax Abdomen) ഒററനോട്ടത്തിൽ വേർതിരിക്കപ്പെടാവുന്നതാണെങ്കിൽ എട്ടുകാലികളുടേതു് രണ്ടേരണ്ടു മാത്രമേയുള്ളു. (Cephalo Thorax, Abdomen) ഈ രണ്ടു യൂണിററുകൾ തമ്മിൽ യോജിപ്പിക്കുന്ന പാലം വളരെ നേർത്തതുമാണു്. എട്ടുകാലിയുടെ ഏററവും വലിയ പ്രത്യേകത അവരുടെ ഉദരസ്ഥിതമായ (Abdominal) നൂൽ നൂൽക്കുന്ന യന്ത്രമാണു്. (Spinnerets) പട്ടുനൂൽപ്പുഴുക്കൾ അടക്കം വേറെ ചിലരും നൂൽപിരിക്കുന്നുണ്ടെങ്കിലും അതിനുള്ള നൂൽ ലഭിക്കുന്നതു് ഉമിനീർ ഗ്രന്ഥികളിൽ (Salivary glands) നിന്നാണെന്നുള്ള പ്രത്യേകതയുണ്ടു്. മുൻകാലുകളിലെ ചില വിരലുകൾ നൂൽ നൂൽക്കുവാൻ ഇവയ്ക്കു സഹായകമാകുന്നു. ഉദരസ്ഥിതമായ നൂൽപ്പിരി യന്ത്രത്തിന്റെ ഉടമസ്ഥത എട്ടുകാലികളുടെ മാത്രം കുത്തകയാണു്.

## വിദഗ്ദ്ധരായ നൂൽനൂൽപ്പുകാർ

നൂലു പുറത്തുവരുന്ന ചെറുട്യൂബുകളും, വൻട്യൂബുകളും (Spinning tubusles) ചേർന്ന് ഏതാണ്ട് ആയിരത്തോളം സ്പിന്നിംഗ് ട്യൂബുകൾ ചിലയിനം എട്ടുകാലികൾക്കുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. ആറെണ്ണമാണ് ഏററവും കുറഞ്ഞ മൂലധനം. പലചെറിയ നാരുകൾ കൂട്ടിപ്പിരിച്ചതാണ് സാധാരണ കണ്ണുകളിൽപ്പെടുന്ന വലക്കമ്പികൾ. ഒരു നൂൽക്കമ്പിയുടെ വ്യാസം ഒരു മില്ലീമീററിന്റെ പതിനായിരത്തിൽ ഒന്നു മാത്രെയുള്ളു വെന്നറിയുമ്പോൾ നാം സ്തബ്ധരായിപ്പോകുന്നു. ചിലയിനം എട്ടുകാലികളുടെ മുട്ട പൊതിയുന്ന നൂലിന്റെ വ്യാസം ഒരു മൈക്രോ മില്ലീമീററിന്റെ പത്തിലൊന്നാണ്. പട്ടുനൂൽ പുഴുക്കൾ സംഭാവന ചെയ്യുന്നതും കമ്പോളങ്ങളിൽ വില്ക്കപ്പെടുന്ന നൂലുകളെക്കാൾ ഇവ നേർമ്മയും അതേസമയം ബലത്തിലും മേന്മയേറിയതാണ്.

എട്ടുകാലികൾ നൂല്ക്കുന്ന വിശിഷ്ടമായ നൂലുകൾ മനുഷ്യോപയോഗത്തിനായി തിരിച്ചു വിടുവാനുള്ള ശ്രമം വളരെ കൊല്ലങ്ങൾക്ക് മുൻപുതന്നെ തുടങ്ങി. എന്നാൽ വൻതോതിൽ എട്ടുകാലികളെ ശേഖരിച്ചു വളത്തി നൂൽനൂല്പിക്കാനുള്ള യത്നം വലിയ സാമ്പത്തിക പരാധീനതയിലും കായക്ലേശങ്ങളിലും ചെന്നവസാനിച്ചു. 19-ാം നൂററാണ്ടിൽ ആഫ്രിക്കയിലുള്ള മഡ്ഗാസ്റ്ററിൽ ഒരുതരം വലിയ എട്ടുകാലികളെ (Nephila Madgaseariansis) തോട്ടങ്ങളിൽ പാർപ്പിച്ചു കുറെക്കൂടി ശാസ്ത്രീയമായ രീതിയിൽ നൂലുകൾ ലഭിക്കാൻ ഏർപ്പാടുകൾ ചെയ്തു. വരവിനെക്കാൾ ചിലവു മുന്തിയിരുന്നതിനാൽ ഇതും വിജയിച്ചില്ല. മേൽപ്പറഞ്ഞ എട്ടുകാലികൾ മുട്ടപൊതിയുന്നതിനുള്ള സഞ്ചികൾ നിർമ്മിക്കുന്നതിനായി 1500 മുതൽ നാലായിരത്തോളം മീററർ നീളംവരുന്ന നൂൽക്കമ്പികൾ സംഭാവന ചെയ്യുന്നു.

എല്ലാഎട്ടുകാലികളും നൂൽനൂൽക്കുവാൻ പ്രാപ്തരാണെങ്കിലും പലരും ആ പണിക്കു പോകുന്നില്ല. പലരും വലകെട്ടുന്നതിനോ കുരുക്കുകൾ നിർമ്മിക്കുന്നതിനോ അല്ല നൂൽ ഉപയോഗിക്കുന്നത്. മുട്ടകൾ സംഭരിക്കാനുള്ള സഞ്ചികൾ ഉണ്ടാക്കുക.

അതു ഇലത്തുമ്പുകളിലോ കൊമ്പുകളിലോ ഞാത്തിയിടാനുള്ള ചരട് നിർമ്മിക്കുക, പടം കൊഴിയുമ്പോൾ പുതിയ ആവരണം ഉണ്ടാക്കാൻ സഹായിക്കുക, പാർപ്പിടങ്ങളുടെ പ്രവേശന ദ്വാരങ്ങൾ അലങ്കരിക്കുക എന്നു തുടങ്ങുന്ന പഞ്ചവത്സരപദ്ധതികൾക്കായി അവ ഉപയോഗിക്കുന്നു. കെണികൾ, വലകൾ തുടങ്ങിയവ നിർമ്മിക്കുന്നവരുടെ മാത്രം മുതൽക്കൂട്ടാണ് പശയുള്ള നൂലുകൾ. എന്തായാലും നൂൽനൂല്പ് എട്ടുകാലികളുടെ ജീവിത ചക്രത്തിലെ സുപ്രസിദ്ധമായ ഒരു ഘടകമാണ്.

**പലതരം വലകൾ:** ഓരോ ഇനത്തിൽപ്പെട്ട എട്ടുകാലികൾ വിഭിന്ന രൂപങ്ങളിലായിരിക്കും. ചതുരാകാരത്തിലും, കുഴലാകൃതിയിലും, ചോർപ്പയുടെ പ്രകൃതിയിലും ഏറമാടം മാതിരിയും വലകൾ കാണാം. നിലത്തു കുഴിയുണ്ടാക്കി ആ കുഴൽക്കിണറിന് ഒരു "ടാപ്പ്ഡോറം" വച്ച് കണ്ണിൽ എണ്ണയും ഒഴിച്ച് പതിയിരിക്കുന്നവർ വളരെയുണ്ട്. കെണികൾ ഇണക്കിയെങ്കിലും അങ്കണത്തിൽ ഇറങ്ങാതെ ഇര വലയിഴകളിൽ കുടുങ്ങുമ്പോൾ മാത്രം അരങ്ങത്തുവന്നു കടന്നാക്രമണം നടത്തുന്നരും, വലകെട്ടി ആദ്യന്തം ഏക ഛത്രാധിപതികളുടെ മാതിരി അതിലെ സിംഹാസനത്തിൽ ആരൂഢരായിരിക്കുന്ന മഹാറാണികളും, തൻെറ കൊട്ടാരക്കൊത്തളങ്ങൾക്കു വേണ്ട കെട്ടുറപ്പുണ്ടെന്ന ബോധം വരുത്താനായി 'X' ആകൃതിയിൽ വലയിൽ ആലാത്തുചാകി പ്രതിയോഗിയേയും പാർത്തു വസിക്കുന്ന രക്ത രക്ഷസ്സുകളും വിരളമല്ല. മനുഷ്യാധിവാസമുള്ള സ്ഥലങ്ങളിൽ പാർക്കുന്നവരാണ് അധികക്കൂറും നിഗൂഢവാസസ്ഥലങ്ങളും പതിയിരിപ്പ് സങ്കേതങ്ങളും ഒരുക്കുന്നത്.

**കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ:** പല പ്രത്യേകതകളും ഉൾക്കൊള്ളുന്ന എട്ടുകാലികളുടെ ജീവിത ചരിത്രം തുടങ്ങുന്നത് മുട്ടയിൽനിന്നു വിരിഞ്ഞു കുഞ്ഞുങ്ങൾ പുറത്തുവരുന്നതോടുകൂടിയാണ്. സ്വയം പര്യാപ്തി നേടാതെയാണ് എട്ടുകാലി കുഞ്ഞുങ്ങൾ വെളിച്ചം കാണുന്നത്. കുഞ്ഞെട്ടുകാലികളുടെ കുടലുകൾ മുട്ടയിലുള്ള മഞ്ഞക്കരു (yolk) വിനാൽ നിബദ്ധമായിക്കിടക്കുന്നതിനാൽ കുറെദിവസത്തേയ്ക്കു ഒന്നും ശാപ്പിടുവാൻ നിവൃത്തിയില്ലാതെവരുന്നു. ഈ സമയം മുട്ടകൾ സംഭ

രിച്ചു വയ്ക്കുവാൻ നിർമ്മിതമായ സഞ്ചിയിലോ (Cocoon) സ്നേഹനിധിയായ അമ്മ പ്രത്യേകം ഒരുക്കുന്ന സ്ഥലത്തോ അവ ഒരുമിച്ചു വസിക്കും. ചിലയിനം എട്ടുകാലിത്തള്ളകൾ കുഞ്ഞുങ്ങൾ നിറഞ്ഞ സഞ്ചികൾ താങ്ങി പരക്കംപാഞ്ഞു നടക്കതുകാണാം. ഈ കാലയളവിൽ ദഹനേന്ദ്രിയം പൂർണ്ണവളർച്ച പ്രാപിക്കുകയും വിശപ്പിന്റെ പോർവിളി ആദ്യമായി കേൾക്കാൻ തുടങ്ങുകയും ചെയ്യുന്നു. വിശപ്പുകൊണ്ട് പരക്കം പായുമ്പോൾ കണ്ണിൽകിട്ടിയവരെ പിടിച്ചു വിഴുങ്ങാൻ തുടങ്ങും. സ്വന്തം കൂടപ്പിറപ്പുകൾ തമ്മിൽ തമ്മിൽ പടപൊരുതി ബലഹീനനെ കൈയ്യൂക്കുള്ളവൻ ഉള്ളിലാക്കുകയാണ് പതിവ് (Anniralism) ജീവരക്ഷാർത്ഥം ഓടി രക്ഷപ്പെടാനുള്ള വ്യഗ്രതയും പരാക്രമവും അതിനുള്ള പ്രവണതയും കൂടി ഇവക്കു നൽകപ്പെട്ടില്ലായിരുന്നെങ്കിൽ എട്ടുകാലി വംശംതന്നെ പരസ്പരം തിന്നു നശിച്ചേനേ.

## പുതിയ കാഴ്ചപ്പാടും പുതിയ ജീവിതവും

കുറെയൊക്കെ ഓടിയിട്ടും കാറ്റാകുന്ന വിമാനത്തിൽകയറി പറന്നുയർന്നു വളരെയേറെ സഞ്ചരിച്ചിട്ടും പാരച്ചൂട്ടിൽ ഇറങ്ങുകയാണ് ഏറിയ കൂറും കുഞ്ഞുങ്ങൾചെയ്യുന്നത്. ഇതിലേയ്ക്കായി ആദ്യമായി പൊന്തിയും ഉന്തിയും നിൽക്കുന്ന ഇലകളുടെ തുമ്പിലൊ, മരങ്ങളുടെ കമ്പിലൊ അള്ളിപ്പിടിച്ചുകയറി അതിന്റെ അഗ്രത്തിൽ ചെന്നിട്ട് ഉദരമുയർത്തി കാറ്റ് പിടിക്കത്തക്കവണ്ണം കുറെഏറെനൂലുകൾ നൂൽക്കുന്നു. ഇവയ്ക്കുകാറ്റുപിടിക്കുമ്പോൾ ഇരിപ്പിമത്തുനിന്നുപിടിവിട്ടു ആ നൂലുകളിൽ തൂങ്ങിക്കിടക്കുന്നു അടുത്തത്തടിക്കുന്ന കാറ്റുവയുമ്പോൾ ഞാന്നുകിടക്കുന്ന എട്ടുകാലിക്കുഞ്ഞുങ്ങൾ മുകളിലോട്ട് പറന്നുയരുകയായി. ഒരു ബലൂണിലെന്നപോലെ ഉയരുന്ന കൊച്ചു പയലറ്റുകൾ അന്തരീക്ഷത്തിൽ ഏതാണ്ട് അഞ്ചു മൈലോളം ഉയർന്നു വെന്നുവരും. പ്ലെയിനിൽ യാത്രചെയ്യുന്നസഞ്ചാരികൾ വളരെ അധികം ഉയരത്തിൽ ഇത്തരം ബലൂണിസ്റ്റുകളെ കണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. പുറംകടലുകളിൽ ഇരുപതോളം മൈലുകൾക്കപ്പുറത്ത് സഞ്ചരിക്കുന്നകപ്പലുകളിൽ ഇത്തരം പാരച്യൂട്ടുകാർ ഇറങ്ങിയതിനു കണക്കുകൾ ഉണ്ട്. നിലത്തിറങ്ങുന്നതോടെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുകയായി. എങ്ങും ഒരു പുതിയ കാഴ്ചപ്പാട്.

# എട്ടുകാലികളുടെ ലോകം. II

എട്ടുകാലികളുടെ ദാമ്പത്യജീവിതം ഏതാനും മിനിററുകൾ നേരത്തേയ്ക്കു മാത്രമേ നീണ്ടു നില്ക്കുന്നുള്ളു. അതുകഴിഞ്ഞാൽ ഈ കുടുംബബന്ധം ബദ്ധവൈരമായിപ്പകരുകയായി. എട്ടുകാലന്മാർ ഓട്ടത്തിൽ പിഴച്ചാൽ രക്തരക്ഷസ്സുകളുടെ വായിലൊതുങ്ങിയതുതന്നെ. കടുത്ത അനീതികളുടെ ശൃംഖലതന്നെ കാണാം എട്ടുകാലികളുടെ ജീവിത വൃത്തത്തിൽ. പക്ഷെ അതുപ്രകൃതിയുടെ ഒരു വികൃതിയാണോ?.

സ്വരക്ഷയ്ക്കും കാലയാപനത്തിനും വേണ്ടി ഓടിയും പറന്നും മറുനാട്ടിലെത്തുന്ന എട്ടുകാലിക്കുഞ്ഞുങ്ങൾ ആദ്യമായി ചെയ്യുന്നതു് ആരുടെയും കണ്ണിൽപ്പെടാതെ എവിടെയെങ്കിലും ഒളിക്കുകയാണു്. പുതിയനാട്ടിൽ പുതുമയോടെ ചെന്നിറങ്ങുന്ന കുഞ്ഞുഎട്ടുകാലികൾക്കു ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കുകയായി. കാരണവന്മാരുടെ ആചാര മര്യാദകൾ ചൊല്ലിക്കൊടുക്കുവാനോ പറഞ്ഞുകേൾപ്പിക്കുവാനോ ആരുടാരുമില്ല. പുതിയ അന്തരീക്ഷത്തിൽ അടിപതറാതെ, കാലിടറാതെ പദം പദം മുന്നോട്ടുവയ്ക്കുവാൻ വിദഗ്ദ്ധോപദേശം നൽകുവാൻ ഉററവനും ഉടയവനുമില്ലല്ലോ. അല്ല, ഏഴകളെങ്കിലും ജന്മസിദ്ധമായ പ്രകൃതിവാസനകൾ തലപൊക്കുകയായി. ചിലർ കുഴൽ വലകൾ നിർമ്മിക്കാനും, മററുചിലർ വിവിധതരത്തിലുള്ള കരുക്കുകൾ നിർമ്മിക്കാനും തുടങ്ങുന്നു. പാരമ്പര്യലബ്ധമായ കലാവാസനകളാണു് ഉയിർക്കൊള്ളുന്നതു്. ഇതോടുകൂടി ദേഹത്തെ ആവരണം ചെയ്തിരിക്കുന്ന കുടുസ്സായ പുറംചട്ടമാററി വളരുന്ന അങ്കിയിടാനും തുടങ്ങുന്നു. 7 മുതൽ 13 പ്രാവശ്യം വരെ ഇപ്രകാരം തൊലിയുരിയുന്ന (moulting) എട്ടുകാലികൾ ഉണ്ടു്.

## ഉടുത്തൊരുങ്ങിയ മങ്കമാർ

എന്നാൽ യൗവനം കാലുകുത്തുന്നതോടുകൂടി എല്ലാ എട്ടുകാലന്മാരും പക്വതവന്ന ചില എട്ടുകാലിമങ്കകളും പടംപൊഴിക്കാറില്ല. അംഗസൗഷ്ഠവമാർന്ന യൗവനം പൂങ്കലയിടുമ്പോൾ എട്ടുകാലിമഹിളകൾ സ്വതേയുള്ള ഗമയും ഗൗരവവും വെടിഞ്ഞ് ഉള്ളിൽ അല്പം ആധിയോടുകൂടെയെങ്കിലും ഒരു ശൃംഗാരച്ചിരിയുമായി അടുത്തുവരുന്ന എട്ടുകാലകോമാളികളെ സ്വാഗതംചെയ്യുന്നു. ചിലപ്പോൾ കയറിച്ചെല്ലുവാൻ അനുവാദം ഉണ്ടോ എന്നറിവാനായി ഇവർ വലക്കമ്പിന്മേൽ തുടരെത്തുടരെ എത്തിനോക്കും. മററു ചിലപ്പോൾ കണ്ണിൽപെടത്തക്കവണ്ണം കൂത്താടിയും തുമ്പിതുള്ളിയും വലയ്ക്കുചുററും പാഞ്ഞുനടക്കും. ‘എസ് വരാം’ എന്ന അടയാളം ലഭിച്ചാൽ പതുങ്ങി പതുങ്ങി സമീപിക്കുന്നു. ഏതാനും മിനിററുനേരത്തേയ്ക്കു മാത്രമേ ദാമ്പത്യബന്ധം നടക്കുന്നുള്ളു. അതും വർഷത്തിലൊന്ന്. മററു അവസരങ്ങളിൽ എത്രതന്നെ രസികത്വംകെട്ടി മുഖം കാണിക്കാൻ അടുത്തുചെന്നാലും ചാടിപ്പിടിച്ചു, കൂച്ചിഞെരിച്ച് അപ്പാടെവായിലാക്കും. പിന്നെ ഒററ ഞൊണച്ചിൽ. ആനയും ആടും തമ്മിലുള്ള വ്യത്യാസമുണ്ട് എട്ടുകാലിയും എട്ടുകാലനും തമ്മിൽ. ദാമ്പത്യബന്ധം നടത്തുന്നതും മററു ജീവജാലങ്ങളിൽ എങ്ങും കാണാത്ത രീതിയിൽ കൈകളുടെ സഹായത്തോടെയാണ്.

## അലസിപ്പിരിയുന്ന ദാമ്പത്യജീവിതം:

ശത്രുക്കളെ അല്ലാതെ ജീവിതതോഴരെ ആദ്യമായിക്കാണുന്ന എട്ടുകാലി വനിതകൾ അവരെ തിരിച്ചറിയുന്നത് പ്രകൃതി നൽകിയ വെളിവുവച്ചാണ്. മേല്പറഞ്ഞ ശൃംഗാരക്കൂത്താട്ടങ്ങൾക്കുപുറമേ ചിലപ്പോൾ ആഹരിക്കുവാനായി മനം തെളിയുന്ന വരെ പൂച്ചികൾ, പുഴുക്കൾ എന്നിവയെ സാദരം സമർപ്പിച്ചു നോക്കും. ചിലതരം എട്ടുകാലികളിൽ എട്ടുകാലർ ആദ്യം യൗവ്വനത്തിൽ എത്തുകയും ഒരു ജീവിതസഖിയെ അന്വേഷിച്ച്

ഏതെങ്കിലും വലയിൽ കയറി അവരും മേജർ ആകുന്നവരെ ഉണ്ട താമസം തുടരുകയും ചെയ്യും. ഏതാനും മിനിററുകൾ നീണ്ടുനില്ക്കുന്ന ദാമ്പത്യ ജീവിതം കഴിഞ്ഞാൽ പുതിയ കുടുംബ ബന്ധം, ഒരു കുടുംബകലഹമെന്നല്ല ബദ്ധവൈരമായിപ്പകരുകയായി. ജീവനും കൊണ്ട് ഓടി രക്ഷപ്പെടുവാനുള്ള ബദ്ധപ്പാടിൽ കാലിടറി വീണാൽ അതോടെ ജീവിതം അവസാനിക്കുന്നു. തടി കുറഞ്ഞതിനാൽ ഓടിരക്ഷപെടാൻ സാധിച്ചാലും, ആഹാരത്തിൽ രുചിയില്ലാതെയായിട്ട് ഭക്ഷണം വെടിഞ്ഞും തന്മൂലം ക്ഷീണം മൂത്തും എട്ടുകാലർ അകാലമൃത്യുവിനിരയാകുയും അതോടെ രാക്ഷസികളായ കുടുംബിനികളുടെ ഇഷ്ടഭക്ഷണമാകുകയും ചെയ്യുകയാണു പതിവ്.

ആത്മസമർപ്പണം: മിക്കയിനം എട്ടുകാലിത്തള്ളകളും ഒരു കൊല്ലത്തെ ജീവിതത്തിനുശേഷം ഒട്ടേറെ കുഞ്ഞുങ്ങളെ സംഭാവനചെയ്തിട്ട് അന്തരിക്കുന്നു. ആണ്ടിൽ സാധാരണയായി ഒരു പ്രാവശ്യമെ മുട്ടയിടുകയുള്ളു. ചില വൻതരം എട്ടുകാലികൾ 15 കൊല്ലം വരെ ജീവിച്ചതായി രേഖകൾ ഉണ്ട്. കൂടുവിട്ടിറങ്ങുന്ന കുഞ്ഞുങ്ങൾ ചുററും കൂടി അമ്മയെ പിടിച്ച് മാംസരക്തം ഊററിക്കുടിച്ചിട്ട് പൊള്ളയായ തോടു കെട്ടിത്തൂക്കിയിടുന്നതായി ചിത്രീകരിക്കുന്നുണ്ട്. ഇതു മുഴുവനും സ്വീകാര്യമാണെന്നു തോനുന്നില്ല. വളരെയേറെ മുട്ടകൾ ഇട്ടശേഷം അവയെ പൊതിയുന്നതിനും സൂക്ഷിക്കുന്നതിനുമായി വളരെയേറെ നൂലുകൾ നൂൽക്കും. മുട്ടസഞ്ചി അപകട സൂചന ലഭിക്കുമ്പോൾ തോളിലേററി അന്തംവിട്ട് പരക്കംപാഞ്ഞും കഷ്ടപ്പെട്ടും പട്ടിണികിടന്നും വിവശയായി മരിക്കുകയാണ് സ്നേഹനിധിയായ ആ അമ്മ. മരണശേഷം മാത്രമേ മാംസരക്തം കുഞ്ഞുങ്ങൾ ആഹരിക്കുന്നുള്ളു എന്ന ചിന്താഗതിക്കാണ് കൂടുതൽ ന്യായങ്ങൾ ഉള്ളത്.

## ക്രൂരമായ സാമുദായിക വ്യവസ്ഥിതി:

എട്ടുകാലികൾക്ക് ശത്രുക്കൾ വളരെയേറെയുണ്ട്. നട്ടെല്ലികളും നട്ടെല്ലില്ലാത്തവരുമായി വളരെയേറെ പക്ഷികൾ, ഓന്തുകൾ തുടങ്ങിയവയും പിന്നെ തവളകളും എട്ടുകാലികളെ സൗകര്യത്തിനു കിട്ടിയാൽ ശാപ്പിടാതെ വിടുകയില്ല. ബഫോമരീത്തിമാ (Buffomaritima) എന്ന തരം തവളകൾ രോമാവരണമുള്ള വൻതരം എട്ടുകാലികളെതന്നേയും ആർത്തിയോടെ വെട്ടിവിഴുങ്ങുന്നു. എന്നാൽ എട്ടുകാലികളുടെ ഏററവും വലിയ ശത്രുക്കൾ "വേട്ടാവളിയൻ" എന്നോമറേറാ വിളിക്കപ്പെടുന്ന തനിയെ ജീവിക്കുന്ന ഒരു തരം കടന്നലുകളാണ്. ഇവർ തങ്ങളുടെ കുഞ്ഞുങ്ങൾ മുട്ടപൊട്ടി പുറത്തുവരുമ്പോൾ ഉടനടി വിശപ്പടക്കാനായി വളരെ അധികം എട്ടുകാലികളെ തങ്ങളുടെ മൺകൂട്ടുകളിൽ സ്റ്റോക്കചെയ്യുന്നു. ഇത്രയുമാണെങ്കിൽ പോകട്ടെ പെപ്സീസ് (Pepsis) എന്നതരം കൊളവികൾ എട്ടുകാലികളെ കുത്തിമലർത്തിയിട്ട് നെഞ്ചത്തു കയറിയിരുന്ന് വയററിൽ ഒരു കുഴിതോണ്ടി അതിൽ തങ്ങളുടെ മുട്ടകൾ നിക്ഷേപിക്കുന്നു. ഇതു കടുത്ത അനീതിയാണെങ്കിലും ജന്തുലോകത്തിലെ അംഗീകൃതമായ വ്യവസ്ഥിതിയാണ്. പ്രകൃതി ഇങ്ങനെയൊക്കെ കരുതിക്കൂട്ടി ചെയ്തില്ലെങ്കിൽ എട്ടുകാലികളുടെ തന്നേയുള്ള മുന്നേററത്താൽ സൂചികുത്താൻസ്ഥലം ഭൂലോകത്തിൽ കാണാതെ പോയേനെ. ഇത്രയേറെ ശത്രുക്കൾ ഉണ്ടായിരുന്നിട്ടും അവയെല്ലാം അതിജീവിച്ച് 50,000 ത്തോളം ഇനം (species) എട്ടുകാലികൾ ഇന്നു ജീവിതായോധനത്തിൽ വ്യാപൃതരായിക്കഴിയുന്നു. ഇനിയും വളരെപ്പേർ അറിയപ്പെടാതെയും അഡ്രസ്സ്‌ലഭിക്കാതെയും കിടപ്പുണ്ട്.

**നാടൻമദാമ്മ:** ഒട്ടുമിക്ക എട്ടുകാലികളും വിഷം കുത്തിവയ്ക്കാൻ പ്രാപ്തരാണെങ്കിലും മനുഷ്യനെ അവർ അധികം ദ്രോഹിക്കാറില്ല. കറുത്ത വിധവ (Blackwidow) എന്ന കുപ്രസിദ്ധ

നാമമാജ്ജിച്ച ധിക്കാരികളായ എട്ടുകാലിമദാമ്മകളുടെ വിഷം തലച്ചോറിനേയും ഞരമ്പുകളേയും ബാധിക്കുന്നു. വേറെ ചിലയിനം (Lycosaraptoria) എട്ടുകാലികളുടെ വിഷം ദേഹതുടച്ച്യയായ ചൊറിച്ചിലിനും മന്തലിനും ഇടനൽകുന്നു. എട്ടുകാലിവർഗ്ഗത്തിൽത്തന്നെ പെട്ട ഭീകരാകാരരായ എറക്കുലി (എറാമ്പുലി-Tarantula) കളുടെ വിഷത്തെപ്പററി ഭിന്നാഭിപ്രായമാണുള്ളതു്. മദ്ധ്യശതകങ്ങളിൽ എറാമ്പുലി കടിച്ചവർ ടറാൻറിസം (Tarantism) എന്ന സുഖക്കേടിനു് അധീനമാകുമെന്നു വിശ്വസിച്ചിരുന്നു. ആദ്യമായി ഇത്തരം രോഗികൾ വളരെ മയങ്ങിക്കിടക്കുമത്രെ ഇതിൽനിന്നു മോചനം ലഭിക്കണമെങ്കിൽ സംഗീതം ശ്രവിക്കണം. മയക്കമുണർന്നാൽ തുമ്പി തുള്ളാൻ തുടങ്ങും. തുള്ളിത്തുള്ളി ആളു വശംകെട്ടു വീഴുന്നവരെ തുള്ളം പോലും. ഇതോടെ രോഗവിമുക്തമാകുന്നു. ഏതായാലും ഇന്നും എറക്കുലികൾ ഒരു പേടി സ്വപ്നം തന്നെ.

അന്ധവിശ്വാസം: നമ്മുടെ നാട്ടിൽ ചിലടത്തെങ്കിലും എറക്കുലികളുടെ രോമസ്പർശനംതന്നെ മാരകമായിരിക്കുമെന്നു കരുതുന്നവരുണ്ടു്. ഞരമ്പുകൾ വലിച്ചുകുട്ടിയും വിറച്ചു വിറച്ചു ഞെരിപിരികൊണ്ടു് കഷ്ടപ്പെട്ടു മരിക്കുമെന്നാണു് പൊതുവെയുള്ള വിശ്വാസം. തലച്ചോറിനെയും സന്ധിവ്യൂഹത്തെയും ബാധിക്കുന്നതരം വിഷമായതിനാലാകാം കൈകാലുകൾ വലിച്ചുകുട്ടുന്നതും വിറയ്ക്കുന്നതും. എറക്കുലി വിഷത്തിൽ മരിക്കുകയില്ലെന്നാണു് ഇന്നുള്ള പണ്ഡിതന്മാരിൽ പലരുടെയും അഭിപ്രായങ്ങൾ. വൻതരം കടന്നലുകൾ കുത്തുന്നതിനു സമാനമായ ഗൗരവമേ ഇക്കൂട്ടർ എറക്കുലി വിഷത്തിനു നല്കുന്നുള്ളു. ഇതേപ്പററി കൂടുതൽ അറിവുള്ളവർ അവരുടെ അനുഭവജ്ഞാനവുമായി മുന്നോട്ടു വരുമെന്നു പ്രതീക്ഷിക്കുന്നു. ഏറാമ്പുലികൾ അധികം കാണുന്നതു ശീതമേഖലകളിലാണു് (Temporate zone). തെക്കെഇൻഡ്യയിൽ ബാംഗ്ലൂർ മൈസൂർ മുതലായ സ്ഥലങ്ങളിലും വളരെ വലിയയിനം രോമാവൃതമായ ഏറാമ്പുലികളെ കാണാം.

ബാംഗ്ളൂരിലുള്ള ധമ്മാരാം കോളെജിലെ മ്യൂസിയത്തിൽ 2.3 എണ്ണം സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ദേഹത്തു പുലികളുടെ മാതിരി പുള്ളിക്കുത്തുകളുള്ളതിനാലായിരിക്കാം എറാമ്പുലി എന്ന പേരു ലഭിച്ചതു്. എട്ടുകാലികളുടെയിടയിൽ കൈയ്യിലെടുത്തു താലോലിച്ചാലും നിരുപദ്രവികളായി വർത്തിക്കുന്നവരും ധാരാളമുണ്ട്.

എട്ടുകാലികൾ ഏറിയപക്ഷം മനുഷ്യൻെറ ഉപകാരികളായതു് ഇതേവരെയും അംഗീകൃതമായിട്ടുണ്ടെന്നു തോന്നുന്നില്ല. എട്ടുകാലികൾ സംഭാവനചെയ്യുന്ന നൂലുകൾ വളരെ വർഷങ്ങൾക്കപ്പുറം തുടങ്ങി നേത്രോപകരണങ്ങൾക്കും (Optical instruments) ടെലസ്കോപ്പു ഉണ്ടാക്കുന്നതിനും ഉപയോഗപ്പെടുന്നുണ്ട്. വീടിൻെറ വെടിപ്പും ഭംഗിയും കുറെയൊക്കെ കുറയ്ക്കുന്നുണ്ടെങ്കിലും അവൻ സസ്യജാലങ്ങൾക്കും, വളത്തുമൃഗങ്ങൾക്കും മനുഷ്യായുസ്സിനും തുരങ്കംവയ്ക്കുന്ന എത്രയോ കൃമികളേയും കീടങ്ങളേയുമാണ് എട്ടുകാലികൾ ദൈനംദിനം കൊന്നൊടുക്കുന്നതു്. മിത്രങ്ങളെ ഇതുവരെയും ശത്രുക്കളായി കരുതിപ്പോയെങ്കിൽ അതു ഒരപരാധം തന്നെ.

---

# കാട്ടാനകളുടെ ലോകം

കാപ്പിരിപ്പെണ്ണാനകൾക്ക് ഇൻഡ്യാക്കാരികളോളം കുശുമ്പും കുന്നായ്മയുമില്ലാഞ്ഞിട്ടാകാം പടച്ചവൻ ഇവക്ക് കൊമ്പു കൊടുത്തതു്. കുഞ്ഞാനകളുടെ കുസൃതികൾ കണ്ടാൽ ചിരിച്ചു മണ്ണുകപ്പിപ്പോകും. കുരുന്നിലെ തുമ്പിക്കൈ നന്നേ ചെറുതാകയാൽ അമ്മയുടെ മുൻകൈകളുടെ ഇടയിലുള്ള പാൽപ്പാത്രത്തിൽനിന്നു നുണഞ്ഞു കുടിക്കുവാൻ കുഞ്ഞാനകൾക്കു വിഷമമില്ല. 3-4 മാസത്തിൽ കൂടുതൽ മുല കുടിക്കാറില്ല. അപ്പോഴേക്കും തുമ്പിക്കൈയും വിഖ്യാതമായി വരും.

ശാസ്ത്രീയമായ പഠനങ്ങൾ പുരോഗമിക്കുന്നതോടൊപ്പം കാട്ടാനകളുടെ ജീവിത രഹസ്യങ്ങൾ ഒന്നൊന്നായി പുറത്തു വരികയാണ്. പാശ്ചാത്യരാജ്യങ്ങളിൽ ആനകൾ ഇല്ലാത്തതിനാൽ ഗവേഷണ ധുരന്ധരന്മാരായ ധീരമാരുടെ കൈയ്യിൽപ്പെടാതെ പഴയ മാമൂലുകൾകൊണ്ടു് ഇന്നും കാട്ടാനകൾ വിഹരിക്കുകയാണ്. ഇപ്പോഴത്തെ ഇവരുടെ അധിവാസ കേന്ദ്രങ്ങൾ ആഫ്രിക്ക, ഇൻഡ്യ, സിലോൺ, ബർമ്മാ, സയാം തുടങ്ങിയ കിഴക്കൻ രാജ്യങ്ങളാണ്. ഏതാണ്ടു് 352 ഗ്രൂപ്പുകളിലായി ആനവർഗ്ഗത്തിൽപ്പെട്ട തുമ്പിക്കൈയ്യന്മാർ ഈ ഭൂതലത്തിൽ അധിവാസമുറപ്പിച്ചിട്ടുണ്ടു്. മെറിത്തീരിയം എന്ന പേരിൽ അറിയപ്പെടുന്നതും ഒരു പോക്കിന്റെ വലിപ്പമുള്ളതുമായ ഒരു ജന്തുവാണു് ആനകളുടെ മുത്തപ്പൻ എന്നുകേട്ടാൽ വിശ്വസിക്കാൻ ഏറെ വിഷമം. 60 മില്യൻ വർഷങ്ങൾക്കപ്പുറം വരെ നീളുന്ന തുടക്കമാണിവരുടേതു്.

ഇന്നുള്ള ആനകളിൽ കാപ്പിരി (ആഫ്രിക്കൻ) ആനകളാണു വലിപ്പത്തിലും തൂക്കത്തിലും മുന്നേറി നില്ക്കുന്നതു്. 7 ടൺ

തൂക്കവും 3.3 മീററർ വരെ പൊക്കവും ഇവയ്ക്കു വന്നേക്കാം. അതേ സമയം ഏഷ്യൻ ആനകാം 6 ടൺ തൂക്കവും 2.75 മീററർ പൊക്കവും മാത്രമേ ആർജ്ജിക്കാറുള്ളു കാപ്പിരിയാനകളുടെ ചെവികാം മുറത്തേക്കാാം വളരെ വലുതും തോട്ടഭാഗം മുഴവൻ വളരെ അഴകായി മൂടികിടക്കുന്നതുമാണ്. മറെറാരു പ്രത്യേകത ഇവരുടെ പെൺജാതിക്കും കൊമ്പുകാം ഉണ്ടെന്നുള്ളതാണ്. ഇൻന്ത്യാക്കാരോളം കുശുമ്പും കുനിഷ്ഠും ഇല്ലാത്തതിനാലാകാം ഭഗവാൻ ഇവക്കു കൊമ്പുകൊടുത്തതു്.

**മോഴകാം** കൊമ്പില്ലാത്ത ആനകളെയാണല്ലോ നാം സാധാരണയായി മോഴകാം എന്നു വിളിക്കുന്നതു്. നമ്മുടെ നാട്ടിൽ ഇവരുടെ എണ്ണം കുറവാണ്. ആണാനകളിൽ നാലിലൊന്നിന്നു മാത്രമേയുള്ളു ഇവരുടെ സംഖ്യ. എന്നാൽ ആസാമിൽ നാലിൽ മൂന്നും മോഴകളത്രെ. സിലോണിൽ കൊമ്പുള്ള ആനകാം നന്നേ വിരളവും. ശാസ്ത്രത്തിൻെറ കാഴ്ചപാടിൽ കൊമ്പിൻെറ രൂപവൽക്കരണത്തിനുതകുന്ന സാധനങ്ങാം ഭക്ഷണത്തിൽ കൂടിയും കുറഞ്ഞുമിരിക്കുന്നതിനാലാണു് ഈ സംഭവങ്ങാം പോലും.

**ലീഡർ** പലരും വിചാരിക്കുന്നതുപോലെ, ഒരു ആനക്കൂട്ടത്തിലെ "ലീഡർ" ഏററവും വലിയ കൊമ്പനാനയല്ല; പ്രത്യുത, ഏററവും പ്രായംചെന്ന പിടിയാനയാണ്. ആനകാംക്ക് പലപ്പോഴം "സ്വന്തം കാര്യം സിന്ദാബാദ്" ആകയാൽ കൂട്ടത്തോട് കൂറുകുറയും. അവരിൽ ചിലർ അവസര സേവകരുമാണ്. മററു ചിലർ കല്ല്യാണപാർട്ടികാം നടത്താനും മധുവിധു ആഘോഷിക്കുവാനുമായി സ്വന്തം പരിപാടികളിട്ടു കറങ്ങിയടിച്ചു നാട്ടുചുററുകയാകും. മൂക്കററം കുടിച്ചു വല്ലപ്പോഴം കുടുംബത്തു കയറിചെന്നു പൊല്ലാപ്പുണ്ടാക്കുന്ന "കെട്ടിയവന്മാരെ"പ്പോലെ പ്പെരുമാറുന്നവരും വിരളമല്ല. അപകടത്തിൻെറ

റോരിയ ലാത്തൂരന കാണുമ്പോൾ വാലുംപൊക്കി ഓടുന്നവരും ഇവർതന്നെയാണ്.

എന്നാൽ പിടിയാനകൾ അങ്ങനെയല്ല. അവക്കു കൂറു കൂടും. ചത്താൽപോലും കൂട്ടം വിടുകയില്ല. "ഐകമത്യം മഹാബലം" എന്ന മഹാതത്വത്തിൽ ഇന്നും ഇവർ ഉറച്ചു നില്ക്കുകയാണ്. അതിനാൽ "പെരിയ മദർ" തന്നെയാണ് ആനക്കൂട്ടത്തിലെ നെടുംതൂണായി രംഗത്തു വരുന്നതു്.

ആനക്കൂട്ടത്തിന്റെ മറെറാരു പ്രത്യേകത അവരുടെ വിശാലസാഹോദര്യമാണ്. കുഞ്ഞുങ്ങളുടെ പരിചരണത്തിൽ എല്ലാവരും ഒരുപോലെ താല്പര്യം കാണിക്കുന്നു. പെററതള്ളയ്ക്കു കൂടുതൽ വാത്സല്യമുണ്ടെന്നുള്ളതിനെ ചോദ്യം ചെയ്യുന്നില്ല. എങ്കിലും എല്ലാവരും തുമ്പിക്കൈകൊണ്ടു് പലപ്പോഴും കുഞ്ഞുങ്ങളെ തടവിയും ലാളിച്ചും കൊണ്ടിരിക്കുന്നു. അതിലാളന നിമിത്തം കുഞ്ഞുങ്ങൾ വഷളാകാതിരിക്കാൻ കുസൃതിക്കുട്ടന്മാരെ മുതുകത്തു തുമ്പിക്കൈകൊണ്ടു് ആഞ്ഞുപിടിച്ചു ശിക്ഷിക്കാനും മററാനകളും ഒട്ടും ഉപേക്ഷ കാണിക്കാറില്ല. സ്വന്തം തള്ളയ്ക്കു് ഇതിലൊട്ടു പരിഭവമില്ലതാനും. അമ്മമാരുടെ സ്നേഹവും വർണ്ണനാതീതമാണ്. ജീവനാപകടത്തിലാക്കിയും കുഞ്ഞിനെ രക്ഷിക്കാൻ പെററതള്ള കാണിക്കുന്ന ത്യാഗങ്ങൾ വാഴ്ത്തുവാൻ വാക്കുകൾ പോരാ. കുട്ടിയാനകൾ കൊമ്പന്മാരുടെയടുത്തു് അധികം കുസൃതികൾ കാണിക്കാൻ മുതിരാറില്ല. നല്ല ചൂടുള്ള കഷായം കിട്ടുമെന്നു് നന്നേ കുരുന്നിലെ തന്നെ അനുഭവജ്ഞാനമുണ്ടാകും.

## ആനകളുടെ ശത്രുക്കൾ

കാടുകളിൽ ആനകളുടെ സ്വൈരവിഹാരത്തിനു ശല്യമുണ്ടാക്കുന്നവർ കടുവാകളും പുലികളുമാണ്. (സിംഹങ്ങൾ വടക്കേ ഇൻഡ്യയിൽ മാത്രമേയുള്ള അവ വനങ്ങളിലെ വന്യമൃഗ

സംരക്ഷണത്തിലാകയാൽ നമ്മുടെ നാട്ടിലെ ആനകൾക്കു് അവയൊരു തൊന്തരവല്ല) വലിയ ആനകളോടു് ഇവക്കൊന്നും ചെയ്യാൻ സാദ്ധ്യമല്ല എന്നതു ശരിയാണെങ്കിലും ആനക്കുട്ടികളുടെമേൽ ഇവ കൈവയ്ക്കാറുണ്ടു്. ഇവയുടെ സാന്നിദ്ധ്യം എങ്ങനെയെങ്കിലും എത്തിപ്പെട്ടാൽ ഉടനെ അപകടം അറിയിച്ചുകൊണ്ടുള്ള "സൈറൺ" വിളികൾ മുഴങ്ങുകയായി. അപകടം തീർച്ചയായാൽ തുമ്പിക്കൈയ്യുടെ അററം നിലത്തുന്നി കുറെക്കൂടി വ്യക്തമായ ഒരു കുഴൽനാദം നൽകുകയായി. മിനിട്ടിനകം കുട്ടിയുടെ ചുററുമുള്ളവർ ഒരു രക്ഷാവലയം സൃഷ്ടിച്ചു കഴിഞ്ഞിരിക്കും. യാതൊരു മുന്നറിവും കൂടാതെയാണു് ആക്രമണമുണ്ടായതെങ്കിൽ കൂട്ടത്തോടെ വിരളിപിടിച്ചു് ഓടിയെന്നും കുഞ്ഞാനകൾക്കു പരിക്കുകൾ പററിയെന്നും വരാം. ഏതായാലും പെററതള്ള തൽക്ഷണം തന്നെ തിരിച്ചു വരാതിരിക്കയില്ല മററുള്ള ആനകൾ "ലീഡറിന്റെ വിസിൽ" കേൾക്കുമ്പോൾ ഓട്ടം നിറുത്തുക തന്നെ ചെയ്യും. പലപ്പോഴും അപകട സൂചനയുള്ളപ്പോൾ കൊച്ചാനകളെയെല്ലാം ഉള്ളിലാക്കിക്കൊണ്ടു് മുതിർന്ന ആനകൾ ഒരു വലയം സൃഷ്ടിക്കുന്നു. കൂടുതൽ സുരക്ഷിതത്വത്തിനു് ഒരു മരത്തെ ചുററിയാവും ഈ വട്ടമിടീൽ.

## തെമ്മാടികൾ

കൂട്ടം വിട്ടു നടക്കുന്ന ഒററയാന്മാരാണു പലപ്പോഴും വലിയ നാശങ്ങൾ ചെയ്യുന്നതു്. വിളവുകൾ തിന്നും നശിപ്പിച്ചും, ആളുകൾക്കും, വീടുകൾക്കും നാശം വരുത്തുന്നതും ഇക്കൂട്ടരാണു്. ഇൻഡ്യയിൽ ശരാശരി 50 പേർക്കു് വർഷംതോറും ജീവഹാനി നേരിടാറുണ്ടു് എന്നു കണക്കുകൾ സമർത്ഥിക്കുന്നു. കൈയ്യിൽ കിട്ടിയാൽ വലിച്ചുകീറിയോ, ചവിട്ടി അരച്ചോ പകവീട്ടുന്ന മാതിരി. ആനകൾ ഒന്നുകിൽ വട്ടിളകിയവർ അല്ലെങ്കിൽ സുഖക്കേടുകാരാകും. വെടിയുണ്ട തറച്ചിട്ടോ, മററുതരത്തിൽ അഗാധമായ പരുക്കുകൾ പററിയിട്ടോ വിങ്ങുന്ന വ്രണങ്ങളുള്ള ആന

കൾ, വളരെ പരുഷമായും വിവേകരഹിതരായും പെരുമാറിയതായി പിന്നീടുള്ള പരിശോധനകളിൽ തെളിഞ്ഞിട്ടുണ്ടു്. കൂട്ടത്തിലെ യുവതലമുറയോടു പൊരുതി തോററു് "കമ്പൽസറി റിട്ടയർമെൻറു്" വാങ്ങിച്ച പുള്ളിക്കാരും ചിലപ്പോൾ കമ്പനി ചേന്നു് "അങ്ങാടിയിൽ തോററതിനു് അമ്മയോടു്" എന്ന ചൊല്ലു പ്രകാരം നാട്ടിലേക്കു വയ്യാവേലിക്കിറങ്ങാറുണ്ടു്. കൂട്ടം വിട്ടില്ലെങ്കിൽ ജീവൻ അപകടത്തിലാകുമെന്ന നില വരുമ്പോൾ അടങ്ങാത്ത വൈരവും കലിയും ഉണ്ടാകുക സാധാരണമാണല്ലോ:

## മദംപൊട്ടൽ

അടുത്തെങ്ങാനും ആനയ്ക്കു മദംപൊട്ടി എന്നുകേട്ടാൽ ആ സ്ഥലവാസികൾ നടുങ്ങുകയായി. പിന്നീടു പിടിച്ചു തളയ്ക്കുന്നതുവരെ വേവലാതിയൊട്ടടങ്ങുകയുമില്ല. എന്തെന്തു നീചകൃത്യത്തിനും അവൻ മടിക്കുകയില്ല. എന്നതാണു് എല്ലാവരുടേയും പേടിക്കു കാരണം.

എന്താണു് ഈ "മദം" പൊട്ടൽ? ജന്തുശാസ്ത്രജ്ഞന്മാർക്കു തന്നെ ഇന്നും തലവേദനയുളവാക്കുന്ന പ്രശ്നമാണിതു്. ആനകളിൽ മാത്രമേ ഈ പ്രതിഭാസം കാണുന്നുള്ളു. മദം പൊട്ടുന്ന അവസരത്തിൽ തലയുടെ ഇരുവശങ്ങളിൽനിന്നും ദുർഗ്ഗന്ധം വമിക്കുന്ന എണ്ണമയമായ ഏതോ ഒരു ദ്രാവകം ഒഴുകി വീണുകൊണ്ടിരിക്കും. ആണ്ടിൽ ചിലപ്പോൾ രണ്ടുപ്രാവശ്യം ഇങ്ങനെ മദംപൊട്ടലുണ്ടാകാം. യൗവനപ്രായം മുതൽ ഈ പ്രതിഭാസം കാണപ്പെടുന്നതിനാൽ "സെക്സു്" മായി ഇതിനെ ബന്ധപ്പെടുത്തി പറഞ്ഞു കേൾക്കാറുണ്ടു്. ചിലപ്പോൾ ഇത്തരം മദയാനകൾ ചങ്ങലപൊട്ടിച്ചുപോയി ഇണചേരാറുണ്ടു്. എന്നാൽ ഈ സമയം പിടിയാനകളെയെങ്ങാൻ മുമ്പിൽകണ്ടാൽ, മൂക്കററം കുടിച്ച വീട്ടുകാരികളെ മുച്ചൂടു ചതക്കുന്ന വെറിയന്മാ

രെപ്പോലെ കുന്തിയും ഇടിച്ചും കാടുകഴിക്കുന്ന മദയാനകളും ധാരാളമുണ്ട്. അടക്ഷാഭ്യരായി, നിർവ്വികാരരായി പെൺജാതികളുടെ മദ്ധ്യേ കഴിഞ്ഞുകൂടുന്ന പൊണ്ണന്മാരും വിരളമല്ല. ഏതായാലും എന്തോ ഏതോ വൈകാരികമായ വേലിയേററങ്ങൾ നടക്കുന്നുവെന്നു വേണം വിചാരിക്കുവാൻ. അതിന്റെ തള്ളലിൽ ബുദ്ധിഹീനനെപ്പോലെയോ, ഭ്രാന്തനെപ്പോലെയോ എതാനും ദിവസങ്ങളിൽ പെരുമാറിപ്പോകുന്നുവെന്നുമാത്രം.

മനുഷ്യരുടെ സാന്നിദ്ധ്യം കാട്ടാനകൾ മനസ്സിലാക്കുന്നതു് പലപ്പോഴും കണ്ണിൽപെട്ടതുകൊണ്ടല്ല —ഇക്കൂട്ടരിൽ കാഴ്ചശക്തി നന്നേ കമ്മിയാണു്. എന്നാൽ ഘ്രാണശക്തി അതുല്യംതന്നെ. മൈലുകൾക്കപ്പുറം, പ്രത്യേകിച്ചു് കാററുള്ളപ്പോൾ കടന്നുപോകുന്നവരുടെ ഗന്ധവും ഇവരുടെ നാസികാദ്വാരങ്ങളിൽ എത്തുന്നു. സംശയം പെരുകുമ്പോൾ നാലുപാടും തിരിഞ്ഞു് തുമ്പിക്കൈ പൊക്കി ശ്വാസം വലിച്ചുവിട്ടും മണം പിടിക്കാറുണ്ടു്. ഘ്രാണത്തിന്റെ പോരായ്മകൾ ശ്രവണത്തിന്റെ നേന്മ നികത്തിക്കൊള്ളുകയും ചെയ്യും.

## ബുദ്ധിശക്തി

ജന്തു വർഗ്ഗത്തിൽ ബുദ്ധിശക്തിയിൽ മികച്ചവരായിട്ടാണല്ലോ ആനകൾ കരുതപ്പെടുന്നതു്. പക്ഷെ, ഒരു കുതിരയെ അല്ലെങ്കിൽ പട്ടിയെ വെല്ലുവാൻ പോകുന്ന ബുദ്ധിശക്തി ആനയ്ക്കുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഓർമ്മശക്തി ജാസ്തിയാണെന്നു സമ്മതിക്കുക തന്നെ വേണം. തടിതൂക്കിയാൽ മനുഷ്യശരീരത്തിന്റെ 46 ഇരട്ടി തൂക്കം വരും. എന്നാൽ ആനയുടെ തലച്ചോറിനു് മനുഷ്യന്റെ തലച്ചോറിനെക്കാൾ വെറും നാലിരട്ടി മാത്രമേ തൂക്കമുള്ളുതലുള്ളു.

റിൻസ്ഷ് എന്ന ജർമ്മൻ പ്രൊഫസർ ആനകളുടെ ബുദ്ധിശക്തിയെ അളക്കുവാൻ ഈയിടെ ചില പരീക്ഷണങ്ങൾ

നടത്തുകയുണ്ടായി. അദ്ദേഹം ഒരുപോലെയുള്ള രണ്ടു മരപ്പെട്ടികൾ നിർമ്മിച്ചു. അതിലൊന്നിൽ ഭക്ഷണം നിറച്ചു. മറേറതു കാലിയായിരുന്നു. പരീക്ഷണത്തിനായി സർക്കസ്സ് കമ്പനിയിലെ വലിയൊരു അഭ്യാസിയെ തന്നെ തിരഞ്ഞെടുത്തു. പെട്ടികൾ തുറക്കാതെ കാലിപ്പെട്ടിയും ഭക്ഷണപ്പെട്ടിയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാൻ 330 ടയൽസ് വേണ്ടി വന്നത്രെ.

ഇതും ഇതുപോലുള്ള പരീക്ഷണങ്ങളും തെളിയിക്കുന്നത് ആനകളുടെ ഗ്രഹണശക്തി വളരെ സാവധാനമാണെന്നാണ്. എന്നാൽ ഒരിക്കൽ ഗ്രഹിച്ചു കഴിഞ്ഞാൽ അതു മായാതെ കിടക്കും. ഇണങ്ങിയ ഒരാന പിന്നീടു കാട്ടുകയറിപ്പോയി. 13 വർഷങ്ങൾ കഴിഞ്ഞു അതിനെ പിടിച്ചു. തുടർന്നുണ്ടായ പാപ്പാൻെറ അനുശാസനങ്ങൾക്കെല്ലാത്തിനും കൃത്യമായി തിരിയുകയും മാറുകയും ചെയ്തതായി റിക്കാർഡുണ്ടു്.

## പകവീട്ടൽ

ആനകൾ പക വീട്ടുമെന്നൊരു ധാരണ നമ്മുടെ നാട്ടിൽ പടർന്നു പടർന്നു പന്തലിച്ചിട്ടുണ്ടു്. എന്നാൽ ശാസ്ത്രത്തിൻെറ കാഴ്ചപ്പാടിൽ അതു വെറും മിഥ്യയാണ്. അങ്ങിനെയെങ്കിൽ ശാന്തപ്രകൃതിയും വിധേയത്വവും തളംകെട്ടി നില്ക്കുന്ന ആനകൾ എന്തേ ചിലപ്പോൾ പെട്ടെന്നു ചിലരോടു ക്ഷോഭിക്കയും വയ്യാവേലിക്കു മുതിരുകയും ചെയ്യുന്നതെന്നു ചോദിച്ചേക്കാം. സ്വന്തം പാപ്പാന്മാരെ ചവിട്ടിക്കീറി കൊലവിളിയും നടത്തി, കലി അടങ്ങിയ സംഭവങ്ങളും ഇല്ലാതില്ല.

പക്ഷെ ഇതൊന്നും വൈരാഗ്യം കൊണ്ടല്ല. പെട്ടെന്നു വിറളികൊള്ളുകയും ഞെട്ടിമാറുകയും ചെയ്യുന്ന ഒരു പ്രകൃതിയുണ്ടു് ആനകളുടെയിടയിൽ. മനുഷ്യരുടെ ദൃഷ്ടിയിൽ അതിനു വേണ്ട മതിയായ കാരണങ്ങൾ കണ്ടില്ലെന്നു വരും. മേൽപ്പറഞ്ഞ


പ്രകാരം ഞെട്ടുകയും വിറളിപിടിക്കുകയും ചെയ്യുമ്പോൾ തലച്ചോറിലെ, ചിന്തിക്കുവാനും വിവേകപൂർവ്വം പ്രവർത്തിക്കാനും ഉള്ള കേന്ദ്രം ഒന്നടങ്കം പ്രവർത്തനരഹിതമാകുന്നു. ഇത്തരം ശൂന്യത അനുഭവപ്പെടുമ്പോൾ അരുതാത്തതു പലതും ചെയ്തുപോയെന്നുവരും. സന്തത സഹചാരികളായ പാപ്പാന്മാരാണ് ഈ അവസരങ്ങളിൽ ബലിയാടുകളായി മാറുന്നതെന്നുമാത്രം അല്ലാതെ പകപോക്കലിന്റെ പ്രശ്നമേ ഇവിടെയില്ല.

## ജീവചരിത്രം

ഒരു കുഞ്ഞാന പിറക്കുമ്പോൾ അതു സർവ്വത്ര രോമാവൃതമായിരിക്കും. അതിനു അപ്പോൾ 85 മുതൽ 150 കിലോഗ്രാം വരെ തൂക്കമുണ്ടാകും. ജനിച്ചുവീണിട്ട് ഒരുമണിക്കൂറാകുമ്പോഴേത്തേക്ക് പിച്ചവെച്ചു നടക്കാൻ തുടങ്ങും. ഈ പ്രായത്തിൽ പൊന്നോമനയെ അധികം നടത്തി ക്ഷീണിപ്പിക്കാതിരിക്കാൻ തള്ളച്ചിയും കൂട്ടാനകളും പ്രത്യേകം ശ്രദ്ധിക്കുകയും ഒന്നു രണ്ടു ദിവസം പിള്ളത്തൊട്ടിയിൽ നിന്നധികം ദൂരെ പോകാതെ ചുററിപ്പററി മേയുകയും ചെയ്യുന്നു.

നന്നേ കുരുന്നിലെ തുമ്പിക്കൈ ചെറുതാകയാൽ അമ്മയുടെ മുൻകൈകളുടെയിടയിലുള്ള പാൽപ്പാത്രങ്ങളിൽ നിന്നു നുണഞ്ഞു കുടിക്കുവാൻ കുഞ്ഞാനകൾക്കു വിഷമമില്ല 3-4 മാസത്തിൽ കൂടുതൽ മുല കുടിപ്പിക്കാറില്ല. അപ്പോഴേത്തേയ്ക്കും തുമ്പിക്കൈയ്യും വിഘാതമായി വരും. ആനക്കുട്ടികൾ മനുഷ്യരോടു് വളരെ അടുത്തു പെരുമാറാറുണ്ടു്. മനുഷ്യക്കുഞ്ഞുങ്ങളോടാണു് അവക്കും താല്പര്യം. സമപ്രായക്കാരാണല്ലോ ചങ്ങാത്തം പുലർത്താൻ പററിയ ആളുകൾ. കുട്ടിക്കാലത്തെ കുസൃതികണ്ടാൽ സമയം പോകുന്നതറിയുകയില്ല. മധുരപലഹാരങ്ങൾക്കും പഴങ്ങൾക്കും വേണ്ടിയുള്ള കൊതിയും ആർത്തിയും അത്ഭുതാവഹമാണ്. അന്തസ്സും ആഭിജാത്യവുമെല്ലാം കളഞ്ഞു കുളിച്ചെന്നും വരും പ്രാപ്യമെങ്കിൽ.

കാട്ടാനകൾ യൗവന പ്രായത്തിലെത്തുന്നതോടെ ജീവിത സഖികളെ തേടിപ്പിടിക്കും. പരസ്പരം ആകർഷിക്കപ്പെട്ടവർ സ്നേഹവികാരങ്ങൾ പകരുവാനായി പരസ്പരം തലോടുകയും തുമ്പിക്കൈ കൂട്ടിപ്പിണച്ച് തോളോട് തോൾ ഉരുമ്മി നടക്കുകയും ചെയ്യുന്നു. കൂട്ടുകാരികളുടെ പ്രീതിക്കായി ചില ആണാനകൾ നല്ല തീററിസാധനങ്ങൾ തിരഞ്ഞു പറിച്ച് കൈ കുമ്പിളിലാക്കി വിനയപൂർവ്വം സമർപ്പിക്കാറുണ്ട്. പലപ്പോഴും ഇങ്ങനെയുള്ള സ്നേഹചേഷ്ടകൾ മററുള്ളവർ കാണാതെ മാറി ജീവിക്കുവാനുള്ള ധാർമ്മിക ബോധം ആനകളിൽ മികച്ചു കാണുന്നുണ്ട്. താൻ ഒരു കുഞ്ഞിൻെറ മാതാവാകാൻ പോകയാണെന്നുള്ള ബോധ്യം കൈവരുന്നതോടുകൂടി പിടിയാന തൻെറ ഇണയുമായുള്ള എല്ലാ ചങ്ങാത്തവും പിരിയുകയായി. പിന്നീട് അവൾ ആനക്കൂട്ടത്തിലേക്കു തിരികെപ്പോരുന്നു. 19 മുതൽ 22 മാസങ്ങളാണ് ഗർഭധാരണ സമയം. ഭൂതലത്തിൽ ഇന്നുള്ള ജീവികളിൽ ഇതു ഒരു റിക്കാർഡാണ്. തിമിംഗലത്തിനുപോലും ഒരു വർഷമേ ആവശ്യമുള്ളു.



ഒരാനയുടെ ശരാശരി ആയുസ്സ് 55 മുതൽ 60 വരെയാണ്. ജരാനരകൾ കടന്നാക്രമിക്കുന്നതോടുകൂടി പല്ലുകളും ഓരോന്നായി കൊഴിയാൻ തുടങ്ങും. അതോടെ ആഹാരം കഴിക്കാനുള്ള ബുദ്ധിമുട്ട് കലശലാകുകയായി. തന്നിമിത്തം ക്ഷീണം പെരുകുന്നു. ഇങ്ങനെ വേച്ചും വിറച്ചും തട്ടിയും മുട്ടിയും കുറച്ചു നാൾകൂടി മരണത്തെ വെല്ലുവിളിച്ച് അവൻ ജീവിക്കും. പക്ഷെ, ഭാരിച്ച ശരീരം താങ്ങാനാവാതെ കൈകാലുകൾ നിവർത്തനം അനുഷ്ഠിക്കുന്നതോടെ "ചെരിയാതെ" നിവർത്തിയില്ല. പിന്നെ അവനെ പൊക്കുവാൻ അപ്പോളൊ 11 നെ തള്ളിവിട്ട റോക്കറ്റിനു തന്നെ കഴിയുകയില്ല.

ആനകൾ പല വിധത്തിൽ മനുഷ്യൻ്റെ ഒരു മിത്രവും ഉപകാരിയുമാണ്. സ്നേഹവും ആത്മാർത്ഥതയും നിറഞ്ഞ പെരുമാറ്റവും ശാന്തഗംഭീരമായ എടുപ്പും നടപ്പും കൊണ്ട് എല്ലാവരുടേയും ശ്രദ്ധയും സൗഹൃദത്വവും സമ്പാദിക്കുവാൻ ഇവയ്ക്കു കഴിഞ്ഞിട്ടുണ്ട്. പറ്റംചേർന്നു നടക്കുന്ന കാട്ടാനകളുടെ കുടുംബരൂപവും ധാർമ്മികബോധവും വിശ്വസാഹോദര്യവും സംസ്കാരസമ്പന്നരെന്നഭിമാനിക്കുന്ന മാനവനെപ്പോലും ലജ്ജിപ്പിക്കുമാറ് അപാരമാണ്, അത്യുൽകൃഷ്ടമാണ്. ശാസ്ത്രം എത്രകണ്ടു പുരോഗമിച്ചാലും മനുഷ്യൻ നന്നായില്ലെങ്കിൽ അതു ഒരു വലിയ നേട്ടമോ? ഈ കണ്ടുപിടുത്തങ്ങളെല്ലാം അവൻ്റെ നാശത്തിനു തന്നെയുള്ള ശവക്കുഴി തോണ്ടലല്ലേ? ആരറിഞ്ഞു ..........!

—o—

# കടൽജീവികളും ചില കെട്ടുകഥകളും

അനന്തമായ അലയാഴി രഹസ്യങ്ങളുടെ ഒരു കലവറയാണു്. സമുദ്രാഗാധത്തിൽ മനുഷ്യ മത്സ്യങ്ങളും കടൽ സപ്പങ്ങളും തേർവാഴ്ച നടത്തുന്നുവെന്നു വിശ്വസിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്നു് ചൂളം വിളിക്കുകയും വിഷം തുപ്പുകയും ചെയ്യുന്ന കരിംനാഗങ്ങൾ ചിലരുടെ ചിന്താസന്താനങ്ങളായി മാറിയിരിക്കയാണു്.

ശാസ്ത്രത്തിന്റെ മുന്നേററത്തിൽ പല രഹസ്യങ്ങളും പുറത്തു വന്നിട്ടുണ്ടെങ്കിലും അലയാഴിയുടെ അഗാധതയിൽ മുദ്രയിടപ്പെട്ടെന്നോണം സ്ഥിതിചെയ്യുന്ന ഒട്ടേറെ വസ്തുക്കൾ ഉണ്ടു്. അന്തമററ വിസ്തൃതിയും, അത്ഭുതാവഹമായ ആഴവുമുള്ള പാരാവാരത്തിന്റെ രഹസ്യങ്ങൾ പലതും ഇനിയും അജ്ഞാതമായതിനാൽ കടൽ ഇന്നും ഒരു പേടി സ്വപ്നമാണു്. കടൽ ജീവികളെക്കുറിച്ചുള്ള അന്ധവിശ്വാസങ്ങൾക്കും കെട്ടുകഥകൾക്കുമോ കണക്കില്ല.

## മനുഷ്യ-മത്സ്യങ്ങൾ.

സമുദ്രത്തിൽ മനുഷ്യ-മത്സ്യങ്ങൾ ഉണ്ടെന്നുപരക്കെ വിശ്വസിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഏതോ ഒരു മത്സ്യകന്യകയിൽ പിറന്ന മക്കളുടെ വംശക്കാരാണുപോലും ഇവർ. മെർമെയിഡുകളെ (ജലകന്യക–തല സ്ത്രീയുടേതു്, ഉടലും വാലും മത്സ്യത്തിന്റേതും) പ്പററിപറയാത്ത ആംഗ്ലേയകവികൾ തന്നെ ഉണ്ടെന്നു തോന്നുന്നില്ല. ഇത്തരം ജീവികൾ ഉണ്ടെന്നു് ഇന്നും വിശ്വസിക്കുന്നവർ ഇല്ലാതില്ല. ചിലർ ഇതിനു ദൃക്സാക്ഷികളുമാണു്.!!


ഈജിപ്ററു്, ചൈന മുതലായ രാജ്യങ്ങളിൽ വിദേശീയരായ കാഴ്ചക്കാരെ ആകർഷിക്കുന്നതിനും പണം പിടുങ്ങുന്നതി

നമായി പല കൃത്രിമങ്ങളും ഇന്നും നടക്കാറുണ്ടു്. കരങ്ങുകളുടെ തലകഠം വളരെ സാമത്ഥ്യപൂർവ്വം മത്സ്യങ്ങളുടെ ശരീരത്തിൽ തുന്നിപ്പിടിപ്പിച്ചു അവ യഥാത്ഥത്തിൽ അതേപടി കടലിൽ നിന്നും ലഭിച്ചതാണെന്നു സാക്ഷ്യപ്പെടുത്തി ആളുകളെ കബളിപ്പിക്കുകയും മുതലെടുക്കുകയുമാണു് പതിവു്. ഇപ്രകാരമുള്ള ഒരു മെർമെയിഡിന്റെ വാസ്തവികതയെ ചോദ്യം ചെയ്തതിനു സുപ്രസിദ്ധ ശാസ്ത്രജ്ഞനായ ലിംന്നയസ്സിനു പ്രാണരക്ഷാത്ഥം ഹോളണ്ടിലെ ഒരു നഗരത്തിൽ നിന്നു പാലായനം ചെയ്യേണ്ടിവന്നു.

നമ്മുടെ നാട്ടിൽ ഇത്തരം നര-മത്സ്യങ്ങളുടെ കഥകഠം അധികം പ്രബലമല്ല. ഏതാണ്ടു മുഗസമാനമായ തലയോടും മത്സ്യസദൃശമായ വാലോടും കൂടിയ കടൽപ്പശുക്കഠം, ആനകഠം, സിംഹങ്ങഠം, പന്നികഠം എന്നിവയാണു് ഇപ്രകാരമുള്ള കെട്ടുകഥകഠക്കു ജന്മം കൊടുക്കുന്നതു്. നരമത്സ്യക്കഥകഠക്കു കാരണഭൂതരായ കടൽ ജീവികളെക്കുറിച്ചു രണ്ടു വാക്കു.

## കടൽപ്പശുക്കഠം (Sea Cows)

ഇവ സാധാരണയായി അഴിമുഖങ്ങളിലും ഉഠംക്കടലുകളിലുമാണു് വാസമുറപ്പിക്കുക. തികച്ചും സസ്യഭുക്കുകളാണിവർ. തലയുടെ ഭാഗത്തിനു ആദ്യനോട്ടത്തിൽ പശുക്കളുടേതിനോടു് സാമ്യമുള്ളതിനാലും കടലിലെ പച്ചത്തോപ്പുകളിൽ കൂട്ടമായി മേയുന്നതിനാലുമാകാം കടൽപ്പശുക്കഠം എന്ന പേരിൽ ഇവ അറിയപ്പെടാൻ കാരണം. രണ്ടരമീററിലധികം നീളം വരുന്ന കടൽപ്പശുക്കളെ മന്നാർ ഉഠംക്കടലിൽനിന്നു ലഭിച്ചിട്ടുണ്ടു. പ്രായത്തിനൊത്തു് ഇവയുടെ നിറത്തിലും കാര്യമായ വ്യതിയാനങ്ങഠം വരും. ബാല്യകാലത്തെ വെളുപ്പുനിറം ക്രമേണ ചാരനിറമായി മാറാറുണ്ടു്.




ഇവയുടെ മുൻകാലുകഠം തുഴയുന്നതിനുള്ള പങ്കായങ്ങളായി മാറിയിരിക്കുകയാണു്. പിൻകാലുകഠം അപ്രത്യക്ഷങ്ങളും. ഇവ കുഞ്ഞുങ്ങളെ പ്രസവിക്കുകയും പാലൂട്ടി വളർത്തുകയും ചെയ്യുന്നു. തമിഴനാട്ടിൽ രാമനാഥ് ഡിസ്ത്രിക്ടിൽ മണ്ഡപത്തുള്ള മറൈൻ ഫിഷറീസു സെൻറർ വക അക്വേറിയത്തിൽ ഒരു ജോടി കടൽ പശുക്കളെ കുറെ മുമ്പുവരെ വളർത്തുകയും അവയുടെ ജീവിത രീതിയെപ്പററി കൂടുതൽ ഗവേഷണങ്ങഠം നടത്തുകയും ചെയ്തിരുന്നു.

ഇവ വളരെ വേഗം ഇണങ്ങുകയും വെള്ളത്തിൻെറ മീതെ പൊന്തിവന്നു കൈയ്യിൽനിന്നു പുല്ലും മററും വാങ്ങിച്ചു തിന്നുകയും ചെയ്തിരുന്നു. തലതാഴ്ത്തി കുളത്തിൽ മുങ്ങികിടക്കുന്ന പോത്തുകളാണു് എന്നുതോന്നും ജലപ്പരപ്പിനു മീതെ പൊന്തി നില്ക്കുന്ന മുതുകുമാത്രം കണ്ടാൽ. ഇടയ്ക്കിടെ ശ്വാസിക്കുവാനായി മുകളിൽ പൊന്തിവരും.

ജലാശയങ്ങളിലെ മരുപ്പച്ചയിൽ ഇവ കൂട്ടം കൂട്ടമായി മേയുന്നതു് ഒരു പ്രത്യേക രീതിയിലാണു്. പ്രിയംകരങ്ങളായ പായൽ വർഗ്ഗത്തിൽപ്പെട്ട ചെടികഠം അവിടവിടെയായി അറുത്തുകൂട്ടും പിന്നെ സാവധാനം ഒരററത്തുനിന്നു മെല്ലെ ശാപ്പിട്ടു തുടങ്ങും. ഇതിനിടയിൽ ശത്രുഭയമുണ്ടായാൽ ജീവൻകൊണ്ടു അവിടെനിന്നു കടന്നുകളയും. ഇവയുടെ മാംസം വളരെ സ്വാദുള്ളതത്രെ. പൊരിച്ചാൽ പന്നിയിറച്ചിയേക്കാഠം ഒരുമടങ്ങു കൂടി മേന്മയേറിയതാണുപോലും

## കടൽ ആനകളും (Sea Elephants) കടൽ സിംഹങ്ങളും (Sea Lions)

അതിശൈത്യമുള്ള ധ്രുവ പ്രദേശങ്ങളിൽ ജീവിക്കുന്ന "പിന്നിപ്പീഡിയ" എന്ന ഗ്രൂപ്പിൽപ്പെട്ട മാംസഭുക്കുകളായ ജീവികളാണ് ഇവ. ഇവയും പററം ചേർന്ന് ജീവിക്കുന്നു. ഒരു പററത്തിന് എപ്പോഴും ഒരു ലീഡർ കാണും. ഇവയിൽ ആണാനയ്ക്കു കൊമ്പുകളും നീളം കുറഞ്ഞ ഒരു തുമ്പിക്കൈയുമുണ്ട്.




കടൽസിംഹങ്ങൾ കുറെക്കൂടി ക്രൂരപ്രകൃതരും പോരാളികളുമാണ്. ഇണചേരുന്ന കാലത്തു പ്രതിയോഗികൾ തമ്മിൽ നടക്കുന്ന സംഘട്ടനങ്ങൾ വളരെ ഉഗ്രമാകുകയും ഇവയുടെ പോർവിളികളും അലർച്ചയും കൊണ്ട് അന്തരീക്ഷം മുഖരിതമാകുകയും ചെയ്യാറുണ്ട്.




## കടൽപ്പന്നികൾ

മനുഷ്യ മിത്രങ്ങളാണ് ഇക്കൂട്ടർ. ഇവരുടെ സേവനങ്ങളെപ്പററി ധരിക്കാതെ പലദിക്കിലും ഇവയെ ഇറച്ചിക്കുവേണ്ടി കൊന്നുപോന്നു. തുറമുഖപ്രദേശങ്ങളിൽ കുത്തി മറിഞ്ഞു കൂത്താടുന്ന കടൽപ്പന്നികളെ കൂട്ടങ്ങളായാണു കാണുക. കപ്പൽച്ചാലുകളിൽ മട വീഴാതെ സഹായിക്കുന്ന ഇവർ ശരിക്കും സേവനമാണു ചെയ്യുന്നത്. കടൽപ്പന്നികൾ തിമിംഗല വർഗ്ഗത്തിൽ പെടുന്നു. അടുത്തകാലത്ത് പല രാജ്യങ്ങളിലും തുറമുഖ പ്രദേശങ്ങളിൽ കടൽപ്പന്നികളെ കൊല്ലുന്നത് നിയമം മൂലം തടഞ്ഞിട്ടുണ്ട്.



# കടൽസപ്പങ്ങൾ

ജനതാ മദ്ധ്യത്തിൽ സ്ഥലം പിടിച്ചിരിക്കുന്ന മറ്റൊരു ഭീതിക്കാരണം കടൽസപ്പങ്ങളെക്കുറിച്ചുള്ള കഥകളാണു്. ഭീമാകാരരായ കടൽപ്പാമ്പുകൾ രാത്രികാലങ്ങളിൽ പ്രത്യക്ഷപ്പെടുകയും നരവേട്ട നടത്തുകയും ചെയ്തിരുന്നതായി വിശ്വസിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. സംസ്കാരത്തിൽ വളരെ മുന്നേറിയ പല ജനതതികളുടെ ഭാഷകളിലും സാഹിത്യ കൃതികളിലും ഇത്തരം കഥകൾ കാണുവാൻ കഴിയും. മാത്രമല്ല ഇത്തരം ഉഗ്രരൂപരായ സപ്പങ്ങൾ കടൽ യാത്രക്കാരെ ആക്രമിക്കുന്നതായും തല ഉയത്തി അവരെ ഒന്നൊന്നായി വിഴുങ്ങുന്നതുമായുള്ള ചിത്രങ്ങൾ കുറവൊന്നുമല്ല



ഇന്നും ഇത്തരം കടൽസർപ്പങ്ങൾ ഉണ്ടെന്നു വിശ്വസിക്കുകയും ഒച്ചപ്പാടു് ഉണ്ടാക്കുന്നവരുമില്ലാതില്ല. അവരുടെ നിഗമനങ്ങൾക്കു് ഉപോത്ബലകമായ ചില കടൽ ജീവികൾ ഉണ്ടെന്നുള്ളതു് ഒരു പരമാത്ഥമത്രേ. പ്രസിദ്ധദാർശനികനായ അരിസ്റ്റോട്ടലും, ചരിത്രകാരനായ പ്ലിനിയും വിവരിക്കുന്ന കടൽസർപ്പങ്ങൾ ഭീമാകാരരായ 'ഈൽസ്'-പാമ്പിന്റെ ആകൃതിയുള്ള മീനുകൾ-ആയിരുന്നുവെന്നാണു് ഇന്നു കരുതപ്പെടുന്നതു്.

കുതിരയുടേതു പോലുള്ള തലയും തലയിൽ ചുവന്ന പൂവും ധരിച്ച സർപ്പങ്ങളെ പലരും കണ്ടതായി പറഞ്ഞുകേൾക്കുന്നുണ്ട്. പ്രത്യേകിച്ചു കടൽ യാത്രക്കാർ. എന്നാൽ അവ പാമ്പുകളല്ലെന്നാണ് ഈ വിഷയത്തിൽ പ്രത്യേക ഗവേഷണം നടത്തിയ ഡാ. ഔഡേമാൻസിന്റെ വിദഗ്ധാഭിപ്രായം. മറിച്ച് അവ 'റിബ്ബൺ ഫിഷസ്' നാടമീൻ എന്ന വർഗ്ഗത്തിൽപ്പെട്ട ഒരു തരം മത്സ്യങ്ങളാണ്. ഇവയിൽ പലതിനും 50 അടിയിൽ കൂടുതൽ നീളം വരും.

ഇവ സമുദ്രത്തിൽകൂടി വളഞ്ഞു പുളഞ്ഞ് നീന്തുമ്പോൾ വലിയ സർപ്പങ്ങളുടെ പ്രതീതി ഉണ്ടാകുകതന്നെ ചെയ്യും. കോഴിപ്പൂവന്മാരുടെ തലയിലെ പൂവുപോലെ ഒരു ചൊടിപ്പ് ഇവയുടെ തലയിൽ നിന്നു ഉയന്നു നില്ക്കുന്നുണ്ട്. 1808-ൽ ഓക്നി തീരത്തു അടിഞ്ഞതും 56 അടി നീളമുണ്ടായിരുന്നതും വളരെ ഒച്ചപ്പാടുകൾക്ക കാരണഭൂതമായതുമായ കടൽസർപ്പം ഇത്തരമൊരു റിബ്ബൺ ഫിഷായിരുന്നു.

നമ്മുടെ കായലുകളിലും അഴിമുഖത്തും ചിലപ്പോൾ തലയിൽ പൂവണിഞ്ഞ പെരുമ്പാമ്പുകളെ കണ്ടിട്ടുണ്ടെന്നു ശഠിക്കുന്നവരുമില്ലാതില്ല. ഒരുപക്ഷെ ഇത്തരത്തിലുള്ള വല്ല മത്സ്യങ്ങളെ കണ്ടിട്ടായിരിക്കണം സർപ്പങ്ങൾ എന്ന് അവർ വിധിയെഴുതിയത്. ശാസ്ത്രലോകത്തിൽ ഇന്നോളം അറിയപ്പെട്ടിട്ടുള്ള വേറെ വലിയ കടൽസർപ്പങ്ങളില്ല.

"കോഴിപ്പൂവൻ" "കാകോളി" എന്നീ നാമങ്ങളിലറിയപ്പെടുന്ന ചൂളം വിളിക്കുകയും വിഷം തുപ്പുകയും ചെയ്യുന്ന കരിംനാഗങ്ങൾ ചിലരുടെ ചിന്താസന്താനങ്ങൾ മാത്രമാണെന്നാണു കേരളത്തിലെ വിഷപ്പാമ്പുകളെപ്പററി ഗവേഷണം നടത്തിയ ശ്രീ. കെ. ജി. അടിയോടിയുടെ അഭിമതം.


എന്നാൽ ഭീമാകാരരായ കടൽ സർപ്പങ്ങളുടെ പാർട്ട കെട്ടുന്ന വേറെ ചില ജീവികളും കടലിലുണ്ട് എന്ന കാര്യം മറക്കാവുന്നതല്ല. അവയിലൊന്നാണ് തടിയൻ കട്ടിൽഫിഷ് Cuttle Fish. ഇവയിൽ ചിലതിനു നീണ്ട കയറു മാതിരിയുള്ള രണ്ടു കൈകൾ ഉൾപ്പെടെ ഏതാണ്ട് അമ്പതടിയോളം നീളം വരും. വലിയ തിമിംഗലങ്ങളുമായി ഇവയ്ക്കു പ്രാണരക്ഷാർത്ഥം ഏററുമുട്ടേണ്ടിവരുന്നുണ്ട്. നീണ്ട കരങ്ങളുടെ സഹായത്താൽ ഇവ നടത്തുന്ന ജീവന്മരണയുദ്ധങ്ങൾ ദർശിച്ച ചില ശാസ്ത്രജ്ഞന്മാർ പോലും അവയെ ഏതോ വൻ സർപ്പങ്ങളായി ചിത്രീകരിച്ചിട്ടുണ്ട്.

ഒന്നിനു പുറകെ ഒന്നായി വാലിൽ തൊട്ടെന്നവണ്ണം സഞ്ചരിച്ച ഇടയ്ക്കിടയ്ക്കു പൊങ്ങുകയും താഴുകയും ചെയ്യുന്ന തിമിംഗലങ്ങൾ, കടൽപന്നികൾ, കടൽസിംഹങ്ങൾ എന്നിവയും കടൽ സപ്പങ്ങളുടെ റോളുകൾ ഭംഗിയായി അഭിനയിക്കുന്നുണ്ടെന്നാണ് ഡാ ഔഡേമാൻസിൻെറ നിഗമനം.

—o—

# അലയാഴിയിലെ വിചിത്ര ജീവികളും ചില അത്ഭുത പ്രതിഭാസങ്ങളും

കമ്പക്കയറുമാതിരിയുള്ള കൈകൾ കൊണ്ടു് മനുഷ്യരെ വലിച്ചുതാഴ്ത്തി രക്തമൂറ്റിക്കുടിക്കുന്ന കിനാവള്ളികൾ (Octopus) പിശാചുക്കളല്ലേ? മരം കേറി മത്സ്യങ്ങളും മത്സ്യമഴകളും വെറും കെട്ടുകഥകളോ?



കിനാവള്ളി എന്ന പേരിലറിയപ്പെടുന്ന "എട്ടുകാലൻ" നമ്മുടെ നാട്ടിൽ ഇതിനകം വളരെയേറെ ഒച്ചപ്പാടുണ്ടാക്കിയിട്ടുണ്ടു്. "ഊനാംചക്കി" പോലെ കിനാവള്ളിയും ചിലർക്കു് ഇന്നും ഒരു കുട്ടിപ്പിശാചാണു്. ആളുകളെ കാലിൽപ്പിടിച്ചു വ

ലിച്ചു താഴ്ത്തുന്നു എന്നുകരുതപ്പെടുന്ന ഈ വിദ്വാൻ പൊതി യാത്തേങ്ങാപോലെയുള്ളൊരു തലയും വക്കപോലെയുള്ള എട്ടു കാലുകളുമുണ്ട്. ഈ കാലുകളിൽ ഒററംമുതൽ മറേറ അററംവരെ "പ്രസ്സ് ബട്ടൺ" പോലെയുള്ള കപ്പുകാം ഉണ്ട്.

ഇതുപയോഗിച്ചാണ് സ്വയം അടച്ചുപൂട്ടുന്ന കക്കാകളും മററം തുറക്കുവാൻ പുള്ളിക്കാരൻ നിഷ്പ്രയാസം സാധിക്കുന്ന ത്. ആകപ്പാടെ നോക്കുന്നതായാൽ "ഇതിയാൻ" ആകൃതി യിൽ ഒരു ശനി പിടിച്ചവനും പ്രകൃതിയിൽ മഹാകശ്മലനു മാണ്. സമീപസ്ഥരായ സാധുജീവികളുടെ മേൽ ചാടിവീ ണു ദീർഘങ്ങളും ബലിഷ്ഠങ്ങളുമായ കയറുമാതിരിയുള്ള കാലു കാംകൊണ്ട് കെട്ടിവരിഞ്ഞ് അവശരാക്കി അപ്പാടെ ശാപ്പി ടുകയാണു പതിവ്.

തങ്ങളെക്കാം പ്രബലരായ ശത്രുക്കളോട് ഏററമുട്ടുമ്പോ ാം ഏതാനും കാലുകാംകൊണ്ട് പാറക്കല്ലുകളിൽ ചുററിപ്പിടി ച്ച് മററവകൊണ്ട് മല്ലയുദ്ധം നടത്തും. വാശിയേറിയ ഈ മൽസരങ്ങാം ചിലപ്പോാം എട്ടുകാലും ഒന്നൊന്നായി നഷ്ട പ്പെട്ടു അടിയറ പറയുന്നതുവരെ നീണ്ടെന്നും വരും. കപ്പൽയാ ത്രക്കാരോടു പടവെട്ടി എട്ടുകാലുകാം ഓരോന്നായി നഷ്ടപ്പെട്ടു പടക്കളത്തിൽ വീഴുന്ന ഭീമാകാരരായ കിനാവള്ളികളുടെ അത്ഭു തചിത്രങ്ങാം ചില സിനിമാകളിൽ കാണിക്കാറുള്ളതു വളരെ യേറെ മായം ചേർത്തിട്ടാണ് എന്നുവേണം വിചാരിക്കാൻ. കാരണം അത്രയേറെ വലിപ്പമുള്ള കിനാവള്ളികാം ശാസ്ത്രലോക ത്തിനജ്ഞാതമാണ്. എങ്കിലും ചിലയിനം കിനാവള്ളികാം മനു ഷ്യരെപിടിക്കുമെന്നതിൽ പക്ഷാന്തരമില്ല.

സാധാരണയായി ഇവ കടലുകളിലും കായലുകളിലുമാണു കാണുക. ചുരുക്കമായി അഴിമുഖത്തും, ഓരുകയററമുള്ള നദിമു ഖത്തും വാസമുറപ്പിക്കും. ചിലയിനം കിനാവള്ളികാം സമുദ്രാ

ഗാധങ്ങളിൽ മാത്രം കാണുന്നവയാണു്. അധികപക്ഷം പാറക്കെട്ടുകളുള്ള ജലാശയങ്ങളിലാണ് കാണപ്പെടുക. ഇന്ത്യയിൽ കച്ച് ഉൾക്കടലിൽ പോർട്ട് ഓക്കാ ഭാഗത്തു് ഇവ സുലഭങ്ങളാണ്. പാറകളുടെ വിള്ളലുകളിലും കല്ലുകളുടെ കീഴെയുമായി ഇവയുടെ കുഞ്ഞുങ്ങളെക്കാണാം.

കിനാവള്ളിക്കുഞ്ഞുങ്ങൾ വളരെ നാണംകുണുങ്ങികളാണു്. കൈയ്യിലെടുത്താൽ വിളറിമഞ്ഞളിക്കും. നമ്മുടെ കാലുകളിൽക്കൂടി നടക്കുവാൻ പറഞ്ഞാൽ തോട്ടപ്പുഴുക്കളെപ്പോലെ കിക്കിളിയിട്ടുകൊണ്ടു പരക്കം പാഞ്ഞുനടക്കും. ഊന്നിറങ്ങി രക്ഷപ്പെടുവാനുള്ള ഇവയുടെ ബദ്ധപ്പാടു കണ്ടാൽ സഹതാപമേ തോന്നുകയുള്ളു. സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരുവാൻ നിറം മാറുന്നതിനുള്ള ഇവയുടെ കഴിവും വിസ്മയാവഹമാണു്.

നമ്മുടെ നാട്ടിൽ വളരെ അപൂർവ്വമായി മാത്രമേ ഇവ പ്രത്യക്ഷപ്പെടാറുള്ളു. അതും വളരെ ചെറിയ ഇനങ്ങൾ. മനുഷ്യരെ വലിച്ചു താഴ്ത്തുവാനോ, വരിഞ്ഞു കെട്ടുവാനോ ഇവയ്ക്കു പ്രാപ്തിയില്ല. കുളിക്കാൻ പോകുന്നവരെ വലിച്ചുതാഴ്ത്തിക്കൊണ്ടുപോകുന്ന തരം കിനാവള്ളികളുടെ കഥകൾ നമ്മുടെയിടയിൽ സുലഭമാണു്. ഏതായാലും ഒട്ടും ഉപ്പുരസമില്ലാത്ത ജലാശയങ്ങളിൽ ഇവ പ്രത്യക്ഷപ്പെടുക അസാദ്ധ്യം. പിന്നെ പുഴകളിൽ അവിടെയുണ്ടു്, ഇവിടെയുണ്ടു് എന്നൊക്കെപ്പറയുന്നതു വെറും ജല്പനങ്ങൾ ആണു്. ആരെങ്കിലും യദൃച്ഛയാ മുങ്ങിമരിച്ചാൽ അതു് ഒന്നുകിൽ കിനാവള്ളി പിടിച്ചതു്, അല്ലെങ്കിൽ "അറുകൊല" താഴ്ത്തിയതു് എന്നായി കിംവദന്തി.

നീന്തൽ നല്ലപോലെ അറിയാവുന്നവർക്കുപോലും ചിലപ്പോൾ തുഴഞ്ഞുകയറി രക്ഷപെടാൻ സാധിച്ചില്ലെന്നുവരും. കടലുകളിലും കായലുകളിലുമാണെങ്കിൽ, ചീങ്കണ്ണി, സ്രാവ് മുതലായവയുടെ ആക്രമണവും ഉണ്ടാകാം. മനുഷ്യനെ വേട്ടയാടുന്ന

തരം വലിയ സ്രാവുകൾ ഉണ്ട്. തിമിംഗലങ്ങളെക്കാൾ ഇത്തരം സ്രാവുകൾ ക്രൂരരും വെറിയരുമാണ്. പ്രോഫററ് യൗനാനെ വിഴുങ്ങിയതും മൂന്നുദിവസത്തിനുശേഷം കരയിലേക്കു കക്കിയതും ഇവരിൽ ഒരുത്തനായിരുന്നുവെന്നാണ് (Man Eater Shark) ശാസ്ത്രജ്ഞന്മാരുടെ അഭിമതം. മെഡിററേനിയൻ ഉൾക്കടലിൽ തിമിംഗലങ്ങൾ വസിച്ചതായി ഗവേഷണങ്ങൾ തെളിയിക്കുന്നില്ല.

തിമിംഗലങ്ങളുടെ കൂട്ടത്തിലെ പ്രബലരും ഭീമാകാരരുമായ വ്യക്തികൾ (Baleen Whales) നിരുപദ്രവികൾ എന്നു മാത്രമല്ല അവ വെള്ളത്തിൻെറ ഉപരിതലത്തു കാണുന്ന നിസ്സാരങ്ങളായ സസ്യങ്ങളേയും ചെറുജീവികളേയും (Plankton) മാത്രം ആഹരിച്ചു ജീവിക്കുന്നു. (ഇവയെ വായിലുള്ള ഒരു പ്രത്യേകതരം അരിപ്പ ഉപയോഗിച്ചാണ് ശേഖരിക്കുന്നതു്.)

തിമിംഗലങ്ങൾ കുഞ്ഞുങ്ങളെ പ്രസവിക്കുകയും പാലൂട്ടി വളർത്തുകയും ചെയ്യുന്നു ജനിക്കുമ്പോൾ തന്നെ കുഞ്ഞുങ്ങൾക്കു പത്തിരുപതടി നീളം വരും. ഏതാണ്ട് നാല്പതടി ആകുന്നവരെ തിമിംഗലക്കുഞ്ഞുങ്ങൾ അമ്മമാരെ പാലിനുവേണ്ടി അലട്ടിക്കൊണ്ടിരിക്കും. കുഞ്ഞുങ്ങൾ സാധാരണയായി ഒററപ്പൂരാടങ്ങളാണ്. ഏഴു കുഞ്ഞുങ്ങൾവരെ ഒരു തള്ളയുടെ ഉദരത്തിൽ കണ്ടതായ അസാധാരണ സംഭവങ്ങളുമുണ്ട്. ഇവരുടെയിടയിൽ കുറെയൊക്കെ മാതൃ പിതൃ പുത്ര ബന്ധങ്ങളും കുടുംബജീവിതവും നിലവിലിരിപ്പുണ്ടെന്നുള്ളതു വിസ്മയാവഹംതന്നെ.

## മരംകേറി മത്സ്യങ്ങൾ

വളരെ ഉയരമുള്ള മരങ്ങളിൽ മത്സ്യങ്ങളെ കണ്ടതായും അതിൻെറ വെളിച്ചത്തിൽ മത്സ്യങ്ങളിൽ ചിലതു മരംകേറികൾ ആണെന്നു വിശ്വസിക്കുന്നതായും റിപ്പോർട്ടുകൾ ഉണ്ട്. മത്സ്യ

ങ്ങളുടെയിടയിൽ ചിലയിനം പേർച്ച് (Perch) പെരിഒപ്താൽമസ് (Periopthalmus) തുടങ്ങിയവയ്ക്കു കരയിൽ അനായാസം സഞ്ചരിക്കുന്നതിനും ശ്വസിക്കുന്നതിനും സാധിക്കുമെന്നുള്ളതു ശരിയാണ്. ചിലപ്പോഠം വിശ്രമാർത്ഥം ജലാശയത്തിൽ മുട്ടി നില്ക്കുന്ന മരക്കൊമ്പുകളിൽ കയറിയിരുന്നുകൊണ്ട് കാററു കൊള്ളാറുമുണ്ട്. എന്നാൽ നെട്ടനെ നിവൻ്നു നില്ക്കുന്ന ഉയരമുള്ള മരങ്ങളിൽ സ്വയമേ എത്തിച്ചേരുന്നു എന്നു പറയുന്നതു ശാസ്ത്രലോകത്തിനു ദഹിക്കാത്ത വസ്തുതയാണ്.

## മത്സ്യമഴകഠം

ചുററുമെങ്ങും മനുഷ്യവാസമില്ലാത്ത ഒററപ്പെട്ട ജലാശയങ്ങളിൽ മത്സ്യങ്ങഠം പ്രത്യക്ഷപ്പെടുന്നതെങ്ങിനെ? മഴപെയ്യുമ്പോഠം മത്സ്യങ്ങളും അക്കൂട്ടത്തിൽ വരുന്നതെങ്ങിനെ, എന്നു തുടങ്ങിയതെല്ലാം ഇന്നു മിക്കവെക്കും ഒരു പ്രശ്നമേയല്ല. ഇത്തരം അനുഭവങ്ങഠം നമ്മുടെ നാട്ടിൽ അപൂർവ്വമാകായാൽ ഇക്കാര്യങ്ങളെപ്പററി പലരും ചിന്തിക്കാറുമില്ല.


ലോകത്തിൻെറ പല ഭാഗത്തുനിന്നുമായി ഇതിനകം അമ്പതോളം മത്സ്യമഴകളുടെ വാർത്തകഠം പുറത്തു വന്നിട്ടുണ്ട്. മൂന്നാം നൂററാണ്ടിൻെറ ആദ്യ ദശകങ്ങളിൽ പ്രത്യക്ഷപ്പെട്ട അത്തേനേയസ് എന്ന ഗ്രന്ഥകാരൻെറ കുറിപ്പുകളിലാണ് ഇത്തരം വിവരണം ആദ്യമായി കണ്ടതു്. ഏതാണ്ടു മൂന്നു ദിവസം ദീർഘിച്ചുവത്രേ ഒരു മത്സ്യമഴ. ഇതു് ഇടവപ്പാതിക്കു നമ്മുടെ നാട്ടിലുണ്ടാകുന്ന തോരാമഴപോലെയായിരുന്നിരിക്കണം.

മത്സ്യങ്ങഠം എങ്ങിനെയാണ് അന്തരീക്ഷത്തിൽ എത്തിച്ചേരുക? എഗ്ലീനി (Eglini) എന്ന ശാസ്ത്രജ്ഞൻെറ പൊതുവെ സ്വീകൃതമായ അഭിപ്രായപ്രകാരം ഇവ കടൽ ക്ഷോഭങ്ങളിലും പിശറുകളിലും, ചുഴലിക്കാററുകളിലും പെട്ടു വായുമണ്ഡലത്തിൽ

എത്തിച്ചേരാം. പിന്നീട്ട് ആകാശമണ്ഡലത്തിൽ ഉഗ്രമായ കാററിൽപ്പെട്ട് കാർമേഘങ്ങളോടൊത്തു യാത്ര ചെയ്കയും മഴത്തുള്ളികളുടെകൂടെ ആലിപ്പഴം പോലെ ഭൂമിയിൽ നിപതിക്കുകയും ചെയ്യുന്നു. ജലപ്പരപ്പിൽ കൂട്ടമായി സഞ്ചരിക്കുന്ന ചെറുതരം മത്സ്യങ്ങളാണ് മഴകളിലൂടെ പ്രത്യക്ഷപ്പെടുക. വാസയോഗ്യമായ ജലാശയങ്ങളിൽ പതിച്ചാൽ ഇവയിൽ ചിലതെങ്കിലും ജീവിച്ചെന്നു വരാം. ഇത്തരം മത്സ്യമഴവഴിയായി ഉയർന്ന മരങ്ങളിലും മത്സ്യങ്ങൾ കാണപ്പെട്ടേയ്ക്കാം, ആകസ്മികമായി.

## പറക്കുന്ന മത്സ്യങ്ങൾ.

പറക്കുന്ന മത്സ്യങ്ങളുടെ അസ്തിത്വം ഒരു കെട്ടുകഥയല്ല. ഏതാണ്ട് 200 ഗജം ദൂരം പറക്കുവാൻ കഴിവുള്ള മത്സ്യങ്ങൾ ഇന്നുമുണ്ട്. എക്സോസീററസ് (Exocoetus) സിപ്സിലൂരസ് (Cypsilurus) ഗാസ്ട്രോപെലിക്സ് (Gastropelix) എന്നീ മത്സ്യങ്ങൾ ഈ സിദ്ധിയുള്ളവയാണ്.



ഇവയുടെ ചെകിളകളോടു ചേർന്നുള്ള ഫിൻസ് (Pectoral fins) ചിറകുകൾ പോലെ രൂപം കൊണ്ടിരിക്കുകയാണ്. നീള

മുള്ള വാലിന്റെ സഹായത്താൽ കുതിച്ചുയർന്നിട്ടു, മേല്പറഞ്ഞ ചിറകുകളുടെ സഹായത്താൽ അന്തരീക്ഷത്തിൽ വായു സമ്മർദ്ദത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടു് മുന്നോട്ടു ഗമിക്കുവാൻ (Gliding) ഇവയ്ക്കു സാധിക്കും. പക്ഷെ, പക്ഷികളെപ്പോലെ ചിറകു് അടിച്ചു പറക്കുവാൻ ഇവ അശക്തങ്ങളാണു്. കൂട്ടംകൂട്ടമായിട്ടാണു് ഇത്തരം മത്സ്യങ്ങൾ സമുദ്രനിരപ്പിൽ കാണുക. നിസ്സാരമായ ഒരു ചലനം മതി ഇവ അമ്പരന്നു പറക്കുവാൻ. ലക്ഷ്യം തെററി പലപ്പോഴും ഇവ ബോട്ടുകളിൽ വന്നു വീഴാറുണ്ടു്. തങ്ങളെ വെട്ടിവിഴുങ്ങുവാൻ പുറകെ പാഞ്ഞെത്തുന്ന ശത്രുഗണത്തെ കബളിപ്പിക്കാനും അങ്ങനെ രക്ഷപ്പെടാനുമായിട്ടാണു് ഈ സിദ്ധി പ്രകൃതിനാഥൻ ഇവയ്ക്കു കനിഞ്ഞരുളിയതു്.

—o—

# സമുദ്രാഗാധതയിലെ അത്ഭുതമത്സ്യങ്ങൾ

മൽസ്യങ്ങളുടെ ഇടയിലുണ്ടു് മുവർഗ്ഗീയതയും ഗ്രൂപ്പുരാഷ്ട്രീയവും. ചുററുപാടുമുള്ള സാധുജീവികളെ ചൂഷണം ചെയ്യുക, വേണ്ടിവന്നാൽ അവരെത്തന്നെ വലിയ മനഃക്കട്ടി ഒന്നും കൂടാതെ വെട്ടിവിഴുങ്ങുക: ഇതാണു് സമുദ്രാഗാധത്തിലെ സാമാന്യമായ സാമൂഹ്യ നീതി. തന്ത്രവും വക്രതയും തനിനിറത്തിൽ അവിടെ വിലപ്പോകും. തരംപോലെ തടിമിടുക്കു കാണിക്കാനും തക്കംപോലെ ഒളിച്ചുകളി നടത്താനും ഇന്നാട്ടുകാർ അതിചതുരരാണു്

ഏതാണ്ടു് ഇന്നാൾ വരെ ശാസ്ത്രജ്ഞന്മാർ പോലും സംശയബുദ്ധ്യാ വീക്ഷിച്ചിരുന്ന ഒരു വസ്തുതയാണു്, അലയാഴിയുടെ അഗാധതയിൽ ജീവസന്ധാരണം സാദ്ധ്യമാണോ എന്ന കാര്യം. അനേക ടൺ വരുന്ന ജലസമ്മർദ്ദം, അതിരൂക്ഷമായ ഭക്ഷണപ്രശ്നം, മരവിപ്പിക്കുന്ന അതിശൈത്യം, ജീവിതകാലം മുഴുവൻ നീളുന്ന അന്ധകാരപൂർണ്ണമായ രാത്രികാലങ്ങൾ എന്നിവയാണു് ഈ സംശയത്തിനു നിദാനമായ ചില വസ്തുതകൾ. ഇങ്ങനെയുള്ള സമുദ്രാഗാധങ്ങളിൽ ജീവികൾ ഉണ്ടെന്നു വന്നാലും 'നട്ടെല്ലികളു" (Vertebrates)ടെ ആസ്തിക്യം തികച്ചും അസാദ്ധ്യമെന്നായിരുന്നു ശാസ്ത്രലോകത്തിലെ പരക്കെയുള്ള വിശ്വാസം. ഈ തെററിദ്ധാരണയ്ക്കു് എതിരായി വിധിയെഴുതിയതു് ലോകത്തിലേയ്ക്കും വച്ചു് ആഴമേറിയ മരിയാനാ ട്രെഞ്ചിലെ 'ചലഞ്ചർ ഡീപ്പിൻെറ' (Challenger Deep) കീഴ്ക്കമാണു്.

## മരിയാനാ ട്രെഞ്ച്

പസഫിക് സമുദ്രത്തിൽ ജപ്പാൻ ദ്വീപു സമൂഹങ്ങളിൽപ്പെട്ട മരിയാനാ ദ്വീപിൻെറ തെക്കുവശത്താണു് മേൽപ്പറഞ്ഞ

ദ്രത്തും, "ചലഞ്ചർഡീപ്പും" സ്ഥിതിചെയ്യുന്നതു് സമുദ്രനിര പ്പിൽനിന്നും 35,800 അടി, അതായതു്, ഏതാണ്ടു് ഏഴു മൈൽ വരും അതിന്റെ അഗാധത. മനസ്സില്ലാമനസ്സോടെയെ ങ്കിലും മാനവന്റെ കാലടികളുടെ മുമ്പിൽ തലകുനിച്ച പ്രശ് സ്തനായ എവറസ്റ്റിനു് 29140 അടി പൊക്കമേയുള്ളു. പക്ഷേ മറിയാനാടഞ്ചിന്റെ അഗാധതയോടു താരതമ്യപ്പെടുത്തുമ്പോ ൾ അംബരചുംബിയായ എവറസ്റ്റിന്റെ പ്രതാപം നിഷ്പ്രഭ മായിപ്പോവുകയാണ്. വളരെ നാളുകളായി ശാസ്ത്രജ്ഞന്മാർ കൊതിച്ചിരുന്നു മറിയാനാടിഞ്ചിന്റെ രഹസ്യങ്ങൾ പുറത്തു കൊണ്ടുവരുവാൻ. എന്നാലതു സാധിച്ചിട്ടു ഇന്നധികമായില്ല.

ഇതിനകം പല സമുദ്രഗർത്തങ്ങളെ കീഴടക്കി ഭുവനപ്രസി ദ്ധിയാർജ്ജിച്ച ജാക്വസ് പിക്കാർഡും, യു എസ്സ്. നേവിയി ലെ ഒരു ലാഫ്റ്റനൻറ് ഡോൺവാൽഷ് എന്നിവരാണ് ഈ മഹത് നേട്ടത്തിന്റെ സൂത്രധാരകന്മാർ. "ട്രീസ്റ്റേ" എന്ന ഓമന പ്പേരുള്ള ഒരു ബേതിസ്കാഫ് വഴിയാണ് അവർ ടഞ്ചിലിറ ങ്ങിയതു് 200,000 ടൺ ജലസമ്മർദ്ദവും പേറികൊണ്ടുള്ള ട്രീസ്റ്റേയുടെ അഞ്ചു മണിക്കൂർ സമയത്തെ യാത്ര തികച്ചും ആ കാംക്ഷാപൂർണ്ണമായിരുന്നു. അവിശ്വസനീയമായ ഒരു കാഴ്ച യാണു ആ അലയാഴിയുടെ അഗാധതയിൽ അവർ കണ്ടതു്; അതാ, നങ്ക് മാതിരിയുള്ള (Flat Fish) ഒരു മത്സ്യം കുറത്തതു് ഒരടി നീളവും അരയടി വീതിയും കാണും ചങ്ങാതിക്കു്.


ജലാശയങ്ങളുടെ അടിത്തലത്തിൽ മണ്ണിൽപ്പൂണ്ടുകിടക്കുന്ന ചൈതന്യരഹിതമായ ഒരുക്കൂട്ടം മത്സ്യങ്ങളാണ് നങ്ക് എന്ന പേരിൽ അറിയപ്പെടുന്നതു്. ഇവരുടെ കണ്ണുകൾ രണ്ടും ഒരുവ ശത്താണ്. ജനിക്കുമ്പോൾ മററുമീനുകളെ പോലെ കണ്ണുകൾ ശരീരത്തിന്റെ ഇരുഭാഗങ്ങളിലായിട്ടാണു കാണുന്നതെങ്കിലും പിന്നീടു സ്ഥാനഭേദമുണ്ടാകുകയാണു ചെയ്യുന്നതു്. ദേഹം ഇല പോലെ പരന്നിരിക്കും.

എന്നും അന്ധകാരനിബിഡമായ തന്റെ രാജ്യസീമയിലേയ്ക്കു വെള്ളിവെളിച്ചവും പേറിവന്ന ടീസ്റ്റേയുടെ ആഗമനത്തിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടു് നമ്മുടെ ചങ്ങാതി ആ നീണ്ട നിശീഥിനിയുടെ മറെറാരുഭാഗത്തേയ്ക്കു് സാവധാനം നീന്തിമറഞ്ഞു. അവൻ "നട്ടെല്ലികളുടെ" വംശത്തിലുള്ളവനാണു് എന്നതിൽ ആക്കും സംശയമില്ല. ഇതോടെ, സമുദ്രത്തിന്റെ അത്യഗാധതയിൽപോലും ഉയർന്ന ശ്രേഢിൽപ്പെട്ട ജീവികൾ ഉണ്ടെന്നുള്ളകാര്യം അവിതർക്കിതമായിത്തീർന്നിരിക്കയാണു്.

## നീണ്ടരാത്രികൾ

ഇത്ര അഗാധതയിലും ജീവജാലങ്ങൾ സസുഖം ജീവിക്കുന്നുണ്ടെന്നുള്ളതു് തികച്ചും വിസ്മയാവഹമാണു്. ജീവൻ അപകടത്തിലാക്കുന്ന ഒട്ടേറെ ഘടകങ്ങൾ ഉണ്ടെങ്കിലും അവയെല്ലാം ഇവ അതിജീവിക്കുന്ന വിധം ഓർത്താൽ അതിലും അത്ഭുതാവഹം.

ആദ്യമായി പ്രകാശത്തിന്റെ കാര്യമെടുക്കാം സൂര്യരശ്മികൾ ജലാന്തർഭാഗത്തു അധികം ഇറങ്ങിച്ചെല്ലാറില്ല. ഏതാണ്ടു് 1200 അടിക്കു താഴെ പ്രകാശം ഇല്ലെന്നുവേണം പറയുവാൻ. ആഴം കൂടുംതോറും അന്ധകാരത്തിന്റെ പാരമ്യം കൂടിവ




രികയാണ്. സമുദ്രാഗാധതകളിൽ അങ്ങിനെ നീണ്ട രാത്രി കാലങ്ങൾ മാത്രമേയുള്ളു.

ഒരിക്കലും സൂൎയ്യപ്രകാശം കണ്ടിട്ടില്ലാത്ത ഇവിടത്തെ കുടിപാർപ്പുകാൎക്ക് നിരവധി പ്രശ്നങ്ങൾ പരിഹൃതമാകേണ്ടതായിട്ടുണ്ട്. പരസ്പരം തിരിച്ചറിയുക, ശത്രുക്കളിൽനിന്നും ഓടിയകലുക, ഭക്ഷണസാധനങ്ങൾ തേടിപ്പിടിക്കുക എന്നിങ്ങനെ പലതും. ഈ വൈതരണികളെയെല്ലാം മറികടക്കുവാൻ ഇവിടത്തെ ഇരുട്ടിന്റെ സന്തതികൾക്കു പല മാർഗ്ഗങ്ങളുണ്ട്.

പലരുടെയും കണ്ണുകൾ വളരെ വലുതാണ്. മററു ചിലതിന്റെ കണ്ണുകൾ കുഴൽക്കണ്ണാടിമാതിരിയും ഏതോ അച്ചുതണ്ടിന്മേൽ വച്ചുപിടിപ്പിച്ചിരിക്കുന്ന മട്ടിലും കാണപ്പെടുന്നു. സർവ്വസാധാരണയായികാണുന്ന പ്രത്യേകത ദേഹത്തുപലയിടത്തുമുള്ള സ്വയം പ്രകാശിതങ്ങളായ ചെറുപന്തങ്ങളാണ്. ഫോട്ടോസ്റ്റോമിയാസ്സ് (Photo Stomias) ഗാസ്റ്ററോസ്റ്റോമിയാസു എന്നീ മത്സ്യങ്ങൾക്കു തലമുതൽ വാലുവരെ ദേഹത്തു ഇരുവശങ്ങളിലായി ഇത്തരം പ്രകാശിത ഗോളങ്ങൾ ഉണ്ട്.

കൂരിരുൾ നിറഞ്ഞ രാത്രികളിൽ കെടാവിളക്കുമായിനടക്കുന്ന മിന്നാമിനുങ്ങുകളെപ്പോലെ കൈവിളക്കുകളും പേറി റോന്തു



ചുററുന്ന ജീവികൾ കടലിന്റെ ആഴത്തിൽ ഒട്ടനേകമാണു്. ഇത്തരം മത്സ്യങ്ങൾ "റാന്തൽ വിളക്കുകൾ" എന്ന പേരിലറിയപ്പെടുന്നു.

## മുന്തിയറപ്പന്മാർ


"ചൂണ്ടൽകാർ" (Anglers) എന്നുവിളിക്കപ്പെടുന്ന വേറൊരുകൂട്ടരുണ്ടു്. ഇവർ വെളിച്ചം വീശുന്ന ഗോളാകൃതിയിലുള്ള ഒരു പന്തം നിട്ടിപ്പിടിച്ചുകൊണ്ടുനടക്കും. ചൂണ്ടലിലെ ഇരയെന്നപോലെ ഈ പ്രകാശഗോളങ്ങളാൽ ആകർഷിക്കപ്പെട്ടു് വയറിന്റെ എരിച്ചിലടക്കുവാൻ ഓടിയടുക്കുന്ന നിഷ്കളങ്കരായ സാധുജീവികളെ അതേപടി സ്വാഗതംചെയ്താഹരിച്ചു് സുഖലോലുപരായി കഴിയുകയാണു്, ഈ നേതൃമ്മന്യന്മാരുടെ സമുദായസേവനം. ഈ ചൂണ്ടലുകൾക്ക ചിലപ്പോൾ വളരെയധികം നിളംകാണും.

വേറെ ചിലക്കു് കണ്ണുകളേയില്ല ചുണ്ടിന്റെ അടിഭാഗത്തായി ഞാത്തിയിട്ടിരിക്കുന്ന സ്പർശനശക്തിയേറിയ ചില ചരടുകളും തൊങ്ങലുകളും കൊണ്ടാണു സമീപസ്ഥലോകത്തിലെ സ്ഥിതിവിഗതികൾ ഇവ മനസ്സിലാക്കുന്നതു്. സ്വയം പ്രകാശിതങ്ങളായ അനുജീവികളെ ദേഹത്തു പലയിടത്തുമായി തുന്നിപിടിപ്പിച്ചു അവയുടെ പ്രകാശത്തിൽ കാലയാപനമാർഗ്ഗം തേടിപോകുന്നവരുമുണ്ടു്. ശത്രുക്കളെ അമ്പരിപ്പിക്കാനായി ചുററുമുള്ള വെള്ളത്തിൽ വെളിച്ചത്തിന്റെ ചാറു കലക്കിയിട്ടു് അതിന്റെ മറവിൽ തെന്നിമാറുന്ന വിദ്വാന്മാരും വിരളമല്ല.

## വയറിന്റെ പോർവിളി

സമുദ്രാഗാധതകളിലെ മറെറാരു പ്രശ്നം ഭക്ഷണ ദൗർലഭ്യമാണു്. ആഴിയുടെ ഉപരിതലത്തിൽ ജീവിക്കുന്ന മൽസ്യങ്ങ

ളിൽ നല്ലൊരു പങ്കും സസ്യജാലങ്ങളെ ആശ്രയിച്ചാണു് ഉപജീവനം നടത്തുക. എന്നാൽ സമുദ്രാഗാധതകൾ സൂര്യപ്രകാശരഹിതമാകയാൽ സസ്യജാലരഹിതവുമാണു്. സമുദ്രത്തിന്റെ ഉപരിതലത്തിൽനിന്നും ചത്തുകെട്ടിറങ്ങുന്ന പലതരം ജീവികൾ, ചീഞ്ഞഴിഞ്ഞ സസ്യജാലങ്ങൾ എന്നിവയാണു് ഈ നാട്ടുകാരുടെ പ്രധാന ഭക്ഷണം. ഉള്ളപ്പോൾ ഓണം എന്ന തത്വമാണു് ഇവർക്കു എല്ലാവർക്കും. ഭാഗ്യക്കുറി വീണു ചിലപ്പോൾ കിട്ടുന്ന മലപോലെയുള്ള ഭോജ്യസാധനങ്ങൾ പൂഴ്ത്തിവയ്ക്കുവാൻ പററിയ ബലൂൺമാതിരി വികസിതങ്ങളായ ആമാശയങ്ങളാണു് ചില വിക്രമന്മാർക്കുള്ളതു്. പലപ്പോഴും തങ്ങളെക്കാൾ ഭീകരമായ ഭോജനപിണ്ഡങ്ങളെ വെട്ടിവിഴുങ്ങി "ശാപ്പാട്ടു"രാമന്മാരായി ജീവിതം പുലത്തുന്നവരും വളരെയധികം.



## കയ്യൂക്കുള്ളവൻ കാര്യക്കാരൻ

ഇവരുടെ ഇടയിലുമുള്ള വർഗ്ഗീയതയും ഗ്രൂപ്പുരാഷ്ട്രീയവും ചുററുമുള്ള സാധുജീവികളെ ചൂഷണംചെയ്തു, വേണ്ടിവന്നാൽ അവരെത്തന്നെ വലിയ മനക്കുട്ടിയൊന്നും കൂടാതെ വെട്ടിവിഴുങ്ങുക, ഇതാണു് സമുദ്രാഗാധതയിലെ സാമാന്യമായ സാമൂഹ്യനീതി. തടിമിടുക്കും വക്രതയും തനിനിറത്തിൽ ഇവിടെ വില,


പ്പോകും. കൊള്ള എളുപ്പമാക്കിത്തീർക്കുവാൻ പോരുന്ന വികസനശക്തിയുള്ളതും, വിസ്തൃതവുമായ വായും കൂർത്തുമൂത്ത പല്ലുകളും പലർക്കുമുണ്ട്. തരം കിട്ടുമ്പോൾ മററുള്ളവരുടെ മേൽ ചാടിവീഴുവാനും തക്കംപോലെ ഒളിച്ചുകളിനടത്തുവാനും ഇന്നാട്ടുകാർ വിരുതരാണ്.

ഒതുക്കിയാൽ ഒതുങ്ങാത്തതും, അടക്കിയാൽ അടങ്ങാത്തതുമായ ആക്രാന്തിയും വയറിൻെറ വിളിയുമാണ് ഇതിനെല്ലാം അടിയിൽ കിടക്കുന്നത്. ചുററുപാടും അതിശൈത്യമാണ്. ഏതാണ്ട് മൂന്നു നാലു ഡിഗ്രി വരെ താഴും. അവിടത്തെ ചൂട്. ഉദരപൂരണത്തിനുള്ള ഇത്രവലിയ വ്യഗ്രതയും പരക്കംപാച്ചിലും ഉള്ളിലെ കത്തലടക്കുവാൻ കണ്ണിൽപ്പെടുന്നവരെയെല്ലാം പിടിച്ചു വിഴുങ്ങിപ്പോവുകയാണു ഗതിമുട്ടിയിട്ട്.

## അപാരമായ ജലസമ്മർദ്ദം

സമുദ്രാഗാധജീവികളെ അഭിമുഖീകരിക്കുന്ന മറെറാരു മഹാപ്രശ്നം ജലസമ്മർദ്ദമാണ്. ആഴംകൂടുംതോറും ജലസമ്മർദ്ദം വർദ്ധിക്കുന്നു. 15000 അടി താഴെ ഒരു സ്ക്വയർ ഇഞ്ചിനു രണ്ടരടണ്ണോളം ഭാരം വരും. അതിനാൽ കെട്ടുറപ്പില്ലാത്ത ശരീരഘടനയും ലോലമായ അസ്ഥികളുമാണ് അഗാധതലജീവികൾക്കുള്ളത്. ഇവയുടെ ശരീരത്തിലുള്ള സമ്മർദ്ദം ചുററുമുള്ള വെളിച്ചത്തിനു തുല്യമായതിനാൽ ഭാരിച്ച സമ്മർദ്ദം ഒരു ജീവൽപ്രശ്നമാകുന്നില്ല. എന്നാൽ ഈ അഗാധതലജീവികൾ ഉപരിതലത്തിൽ വരികയാണെങ്കിൽ ഇവയുടെ ശരീരം പൊട്ടിത്തെറിക്കുമെന്നാണു പല സാസ്ത്രജ്ഞന്മാരുടെയും ചിന്താഗതി. ഏതായാലും ജലപ്പരപ്പിൽ ഇവയ്ക്കു ജീവിക്കുവാൻ സാധിക്കുകയില്ലാ എന്നതിൽ പക്ഷാന്തരമില്ല.

ഇങ്ങനെ വിസ്മയകരമായ പല പ്രത്യേകതകളുള്ള അഗാധതലജീവികളുടെ ജീവിതം രസാവഹമാണ്. ഇതിലെല്ലാം നാം കാണുന്നതു് സ്ഥലകാലസാഹചര്യങ്ങളുമായി ഇണങ്ങിച്ചേരുവാനും വേണ്ടിവന്നാൽ പരിവർത്തനവിധേയമായി പരിണാമം കൊള്ളാനും പോരുന്ന പ്രചണ്ഡതയും പ്രാഗൽഭ്യവും ഈ ജീവജാലങ്ങൾക്ക നൽകിയ പരാപരന്റെ ദിവ്യമഹിമാവിനെയാണ്.



—o—

# എട്ടുകാലിയും കൂട്ടരും

ഫാ. പോൾ ലൂയി

ശാസ്ത്രലേഖനമണ്ഡലത്തിൽ കൃതഹസ്തനാണു ഫാ. പോൾ ലൂയി. ശാസ്ത്രവിദ്യാർത്ഥികൾക്കും, ശാസ്ത്രാദ്ധ്യാപകർക്കുതന്നെയും, ഉപകാരപ്രദങ്ങളായ ഒട്ടനവധി വൈജ്ഞാനിക ലേഖനങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഇദ്ദേഹത്തിന്റേതായിക്കാണാം. കുട്ടികൾക്കുപോലും സുഗ്രഹമാകത്തക്കവിധം ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യണമെന്ന നിർബ്ബന്ധമുള്ള ഫാ. പോൾ ലൂയിയുടെ ലേഖനങ്ങളത്രയും നിരന്തരമായ പഠനത്തിന്റെയും മനനത്തിന്റെയും ഫലമത്രേ. ഗഹനങ്ങളായ ശാസ്ത്രവിഷയങ്ങൾ ലളിതമായ ഭാഷയിൽ എഴുതാൻ കഴിയുമെന്നതിന് ഒന്നാന്തരം ഉദാഹരണമാണ് 'എട്ടുകാലിയും കൂട്ടരും'. ആനകളുടെ സാമൂഹജീവിതം, ആഴക്കടലിലെ അദ്ഭുതജീവികൾ, സ്ത്രീനായകത്വം നടമാടുന്ന എട്ടുകാലികളുടെ ലോകം തുടങ്ങിയവയിലൂടെ അവയുടെ വിചിത്ര ലോകത്തിലേക്കു നമ്മെ കൂട്ടിക്കൊണ്ടുപോവുകയാണ് ഗ്രന്ഥകാരൻ. ഉഗ്രവിഷമുള്ള പാമ്പുകളെ എങ്ങനെ മനുഷ്യോപയോഗ്യമാക്കാം എന്ന ഭാഗവും ശ്രദ്ധേയമാണ്. കെട്ടുകഥകളും തെറ്റിദ്ധാരണകളുമേകിയ പ്രഹേളികയാൽ മൂടപ്പെട്ട, കരയിലും കടലിലുമുള്ള, ജീവികളുടെ സ്വകാര്യജീവിതചിത്രീകരണം ശാസ്ത്രവിഷയങ്ങളിൽ തത്പരരല്ലാത്തവർപ്പോലും ഹൃദാകർഷിക്കുമെന്നു തീർച്ച.

വില 1–50

ജനതാ ബുക്ക് സ്റ്റാൾ, തേവര, 682013